പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)യുടെ ആറാമത് റിപ്പോർട്ടിലെ (കേരളത്തിലെ ജലസ്രോതസ്സുകളുടെ മലിനീകരണം സംബന്ധിച്ച്) ശിപാർശകളിൻമേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

75/2016.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II: സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 15-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,<br>
*അദ്ധ്യക്ഷൻ,*<br>
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,<br>
2015 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

പന്ത്രണ്ടാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)-യുടെ ആറാമത് റിപ്പോർട്ട് (കേരളത്തിലെ ജലസ്രോതസ്സുകളുടെ മലിനീകരണം സംബന്ധിച്ച്) 2009 ജൂലൈ 17-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. ആധുനിക കേരള സമൂഹത്തിന്റെ നിർദാക്ഷിണ്യ ചൂഷണത്തിന് വിധേയമാകുന്ന സംസ്ഥാനത്തെ നൈസർഗിക ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് സഹായകരമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട 26 ശിപാർശകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2. റിപ്പോർട്ടിലൂടെ സമിതി നൽകിയ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ചപ്രതി 2009 നവംബർ 26-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവം, റവന്യൂ, തദ്ദേശസ്വയംഭരണം, വ്യവസായം, ആഭ്യന്തരം, വനം-വന്യജീവി, കൃഷി, പരിസ്ഥിതി എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന പത്രികകൾ സമിതിക്ക് ലഭ്യമാക്കിയതിനെ തുടർന്ന് വിവിധ സമിതിയോഗങ്ങൾ അവ വിശദമായി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

3. സമിതി റിപ്പോർട്ടിലെ ശിപാർശകളുടെ വെളിച്ചത്തിൽ, സംസ്ഥാനത്ത് ഏറ്റവും അടിയന്തര ശ്രദ്ധയും പരിഹാര നടപടിയും ആവശ്യമുള്ള പാരിസ്ഥിതിക പ്രതിസന്ധി എന്ന നിലയിൽ ജീവജലം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം ഉറപ്പ് വരുത്തുന്നതിനുവേണ്ടി പരിസ്ഥിതി (എ) വകുപ്പ് പുറപ്പെടുവിച്ച 2014 ഡിസംബർ 12-ലെ സ.ഉ. (അച്ചടി) 16/14/പരിസ്ഥിതി നമ്പർ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## റിപ്പോർട്ടിലെ ശിപാർശകളും അതിൻമേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം

### ഖണ്ഡിക 26-ലെ ശിപാർശ

നദികൾ, കായലുകൾ, തോടുകൾ, മറ്റ് ജലാശയങ്ങൾ എന്നിവ കേരളത്തിന്റെ പൈതൃകസ്വത്താണെന്നും അവയെ മലീമസമാക്കുവാനുള്ള പ്രവണത മുളയിലെ നശിപ്പിക്കുന്നതിനും കുടിവെള്ളത്തിനും മറ്റ് വിവിധ ആവശ്യങ്ങൾക്കും ജലസ്രോതസ്സുകൾ അത്യന്താപേക്ഷിതമാണെന്ന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഉതകുന്നതരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ സർക്കാർ/അർദ്ധസർക്കാർ

സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സെമിനാറുകൾ, ശിൽപ്പശാലകൾ, ഫോട്ടോ പ്രദർശനങ്ങൾ എന്നിവ ഉൾപ്പെടുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും കൂടാതെ സ്കൂളുകൾ, കോളേജുകൾ, സർക്കാർ ഓഫീസുകൾ, ജനവാസകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ലോക ജല ദിനത്തോടനുബന്ധിച്ച് ജലമലിനീകരണത്തിനെതിരെ പരിപാടികൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 41610/ഐ.സി1/2011/തസ്വഭവ. തീയതി 26-2-2014)

1996-ലെ കേരള പഞ്ചായത്ത് രാജ് (പൊതുവായതോ സ്വകാര്യമായതോ ആയ നീരുറവകൾ, കുളങ്ങൾ, കിണറുകൾ, മറ്റ് ജലമാർഗ്ഗങ്ങൾ എന്നിവയുടെ ഉപയോഗവും നിയന്ത്രണവും, നിരോധനവും) ചട്ടങ്ങൾ പ്രകാരം പൊതുജലമാർഗ്ഗങ്ങൾ സംരക്ഷിക്കുന്നതിനും മലിനമാക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നവയാണ്:

1. ജലാശയങ്ങളുടെ മലിനീകരണം തടയുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലെ വിവിധ സ്കൂളുകളിൽ പരിസ്ഥിതി ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ചർച്ചാക്ലാസ്സുകളും മറ്റും സംഘടിപ്പിച്ച് ജലമലിനീകരണത്തിനെതിരെ ബോധവൽക്കരണം നടത്തുകയും വിപുലമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

2. വീടുകളിൽ നിന്നുള്ള മാലിന്യങ്ങൾ തോടുകളിലേക്കും മറ്റു ജലാശയങ്ങളിലേക്കും ഒഴുക്കുന്നത് തടയുന്നതിന് വാർഡുതല സാനിട്ടേഷൻ കമ്മിറ്റി, ആശാപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ വീടുകൾതോറും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ ഗാർഹിക മാലിന്യനിർമ്മാർജ്ജനത്തിനുള്ള പ്രോജക്ടുകളും നടപ്പിലാക്കി വരുന്നുണ്ട്.

3. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നദികൾ, കായലുകൾ, തോടുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണത്തിനായി പല ഗ്രാമപഞ്ചായത്തുകളിലും പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

4. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

5. ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ വിവിധ സർക്കാർ ഓഫീസുകൾ, സന്നദ്ധ സംഘടനകൾ, വ്യാപാരസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ജലാശയങ്ങൾ മലീമസമാക്കുന്നതിനെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സെമിനാറുകൾ, ശിൽപ്പശാലകൾ, ഫോട്ടോപ്രദർശനം എന്നീ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുക്കുന്നുണ്ട്.

നഗരസഭാ തലത്തിൽ സെമിനാറുകൾ, ശിൽപ്പശാലകൾ, ഫോട്ടോപ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഓഫീസുകളിലും ജനവാസകേന്ദ്രങ്ങളിലും ജലദിനത്തോടനുബന്ധിച്ച് ജലമലിനീകരണത്തിനെതിരെ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ നഗരസഭകൾക്കും നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിവിധ പ്രോഗ്രാമുകളും പ്രചാരണ പരിപാടികളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. ജലമലിനീകരണത്തിനെതിരെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ 340 എ വകുപ്പിനനുസൃതമായി കർശന നടപടികൾ സ്വീകരിക്കുവാൻ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ഖണ്ഡിക 27-ലെ ശിപാർശ

ജലാശയങ്ങൾ മലിനമാക്കാതെ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത, ജല മലിനീകരണം കൊണ്ടുള്ള ദോഷവശങ്ങൾ, പുഴകൾ, കായലുകൾ എന്നിവമൂലം നമ്മുടെ ആവാസവ്യവസ്ഥയിൽ നിലനിൽക്കുന്ന ജൈവവൈവിധ്യം എന്നിവ സ്കൂൾതലം മുതൽ തന്നെ പാഠ്യവിഷയമാക്കണമെന്നും ഈ വിഷയങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥികൾക്കിടയിൽ ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 3676/എ 2/2011/പരി. തീയതി 9-3-2015)

ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കുന്നതിനായി പുറപ്പെടുവിച്ച 12-12-2014-ലെ സ.ഉ. (അച്ചടി) നമ്പർ 16/2014/പരിസ്ഥിതി നമ്പർ സർക്കാർ ഉത്തരവിൽ ഖണ്ഡിക 27-ലെ ശിപാർശകളിന്മേലുള്ള നടപടികൂടി ഉൾപ്പെടുത്തി യിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## ഖണ്ഡിക 28, 29 എന്നിവയിലെ ശിപാർശകൾ

28. നദീ സംരക്ഷണ പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ നദീതടങ്ങളുടെ സംരക്ഷണംകൂടി അതിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ഒരു സമഗ്രനദീനീർത്തട മാനേജ്മെന്റ് പദ്ധതി ആവിഷ്കരിച്ച് കാലവിളംബം കൂടാതെ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. കേരളത്തിലെ നദികളുടേയും ജലാശയങ്ങളുടേയും തണ്ണീർത്തടങ്ങളുടേയും സംരക്ഷണത്തിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുഴകളേയും തോടുകളേയും മറ്റ് ജലാശയങ്ങളേയും സംരക്ഷിക്കുന്നതിനും കൃത്യമായ കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ രൂപം കൊള്ളുന്നതും തദ്ദേശസ്വയംഭരണം, വനം, റവന്യൂ, ജലവിഭവം, മൈനിംഗ് & ജിയോളജി മലിനീകരണനിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും 'ഗംഗാ ആക്ഷൻ പ്ലാൻ', ഇംഗ്ലണ്ടിലെ 'തെംസ് റിവർ അതോറിറ്റി' അമേരിക്കയിലെ അലബാമ നദീസംരക്ഷണത്തിനായി സർക്കാരും ജനങ്ങളുംകൂടി ചേർന്ന് രൂപീകരിച്ച 'അലബാമ വാച്ച്' എന്നീ നദീസംരക്ഷണ പദ്ധതികളുടെ മാതൃകയിൽ നദികൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണത്തിന് സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയ ഒരു സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### **ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 28958/എം.ഐ 1/09/ജലവിവ. തീയതി 26-4-2010)

കേരളത്തിലെ നദികളും, നദീതീരങ്ങളും, തടാകങ്ങളും, നീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി റിവർ & വെറ്റ്ലാന്റ് അതോറിറ്റി ബോർഡ് രൂപീകരിക്കുന്നതിലേക്ക് Kerala Irrigation & Water Conservation Act, 2003 (31 of 2003) ഭേദഗതി ചെയ്യുവാൻ ജലവിഭവ വകുപ്പ് സമർപ്പിച്ചിട്ടുള്ള കരടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ബിൽ തയ്യാറാക്കി അവതരിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ഖണ്ഡിക 30-ലെ ശിപാർശ

സംസ്ഥാനത്തെ വിവിധ നദികളിലൂടെ ഒഴുകുന്ന ജലത്തിന്റെ അളവ്, അടിയുന്ന മണലിന്റെ തോത്, തീരങ്ങളിലെ ഭൂവിനിയോഗം, നദി ഒഴുകുന്ന സ്ഥലങ്ങളുടെ സർവ്വേ, നദീതീരത്ത് സ്ഥിതിചെയ്യുന്ന വിവിധ സ്ഥാപനങ്ങൾ (വ്യവസായശാലകൾ,

ഗാർഹികമേഖല, വ്യാപാരവാണിജ്യ സ്ഥാപനങ്ങൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ) നദികളെ പ്രയോജനപ്പെടുത്തുന്ന രീതി, ടി സ്ഥാപനങ്ങളിൽ നിന്നുള്ള മലിനീകരണത്തിന്റെ തോത് എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ഉൾപ്പെടുന്ന പട്ടിക കാലാകാലങ്ങളിൽ തയ്യാറാക്കി പൊതുസമൂഹത്തിന്റെ അറിവിലേക്കായി പ്രസിദ്ധീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ3/12/ജവിവ. തീയതി 26-8-2014)

2003-ലെ കേരള ജലസേചന-ജലസംരക്ഷണ ആക്ടിൽ ഭേദഗതി വരുത്തി 2011-ൽ പുറപ്പെടുവിച്ച കേരള ജലസേചന-ജലസംരക്ഷണ ഭേദഗതി ഓർഡിനൻസിൽ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ഉൾപ്പെടെ വിവിധോദ്ദേശ്യങ്ങളോടുകൂടി സംസ്ഥാന നദീ-തണ്ണീർത്തട സംരക്ഷണ അതോറിറ്റി രൂപീകരിക്കുവാൻ നിർദ്ദേശിക്കുന്നു. പ്രസ്തുത ഓർഡിനൻസിന് നിയമപ്രാബല്യം കൈവരുന്നതോടുകൂടി സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി രൂപീകരണം സാധ്യമാകും. പ്രസ്തുത അതോറിറ്റിയുടെ രൂപീകരണത്തോടെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സാധിക്കും. സംസ്ഥാനത്തെ 44 നദികളിലും ബോർഡ് മോണിറ്ററിംഗ് സ്റ്റേഷനുകൾ ഏർപ്പെടുത്തി ജലഗുണനിലവാരം പരിശോധിക്കുകയും ആവശ്യമെങ്കിൽ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഓരോ വർഷവും മലിനീകരണനിയന്ത്രണ ബോർഡ് ക്രോഡീകരിച്ച ജലഗുണനിലവാര വിവരങ്ങൾ 'Water & Air Quality Directory' ആയി പ്രസിദ്ധീകരിക്കുന്നുണ്ട്.

(27-8-2014 -ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ഖണ്ഡിക 31-ലെ ശിപാർശ</u>

നദികളുടെ വൃഷ്ടിപ്രദേശങ്ങൾ വനത്തിനുള്ളിലാണെന്നും അതിനാൽ നിലവിലുള്ള വനപ്രദേശങ്ങൾ നശിപ്പിക്കാതെ നിലനിർത്തുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി ഇക്കോ ഡെവലപ്മെന്റ് സൊസൈറ്റി, വനസംരക്ഷണ സമിതി എന്നിവയുടെ സഹകരണത്തോടെ തേക്കടിയിലെ വസന്തസേനയുടെ മാതൃകയിൽ ഊർജ്ജിത നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. നദികളുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ ബന്ധപ്പെട്ട വകുപ്പുകൾ ഏകോപനത്തോടെ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) ജലവിഭവ വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ 3/2012/ജവിവ. തീയതി 26-8-2014)

പ്രസ്തുത ശിപാർശകൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ സജീവമായി നടപ്പിലാക്കേണ്ട താണ്. നദികളുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഫലപ്രദമായി വിനിയോഗിക്കുന്നതിന് സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി രൂപീകരണം മുഖേന സാദ്ധ്യമാകും.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (ബി) വനം-വന്യജീവി വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 12360/ഇ 1/2009/വനം തീയതി 30-5-2011)

നദികളുടെ വൃഷ്ടിപ്രദേശങ്ങളിലുള്ള വനങ്ങൾക്ക് ശോഷണം സംഭവിക്കുവാൻ സാദ്ധ്യതയുള്ളത് പ്രധാനമായും കാട്ടുതീമൂലമാണ്. അതിനാൽ വനസംരക്ഷണ സമിതികൾ വഴി കാട്ടുതീ തടയുവാൻ ഫയർ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുകയും ഫയർ ലൈൻ എടുക്കുകയും അതുവഴി വനത്തെ കാട്ടുതീ വിമുക്തമാക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ മണ്ണ്/ജലസംരക്ഷണത്തിന്റെ ഭാഗമായി വൃഷ്ടിപ്രദേശങ്ങളിൽ ഗള്ളി പ്ലഗ്ഗിംഗ്, കോൺട്ടൂർ ബണ്ടിംഗ് മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമേ റിവർ പ്രൊട്ടക്ഷൻ ഫണ്ട് ഉപയോഗിച്ച് വി.എസ്.എസ്. മുഖേന, പുഴകളിലെ മാലിന്യപ്രശ്നങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റ് പദ്ധതികളായ ഹൈ വാല്യൂ ബയോഡൈവേഴ്സിറ്റി പദ്ധതി പ്രകാരവും നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാമിലൂടെയും ലഭിക്കുന്ന ഫണ്ടുകൾ നാശോന്മുഖമായ വനങ്ങളിലെ മരങ്ങൾ നട്ടുവളർത്തുവാൻ ഉപയോഗിക്കുന്നതിനാൽ ഇതുമൂലം ഉദ്ദേശിച്ച ഫലം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ഖണ്ഡിക 32-ലെ ശിപാർശ

നദീതടങ്ങളിൽ നിന്നും വിവിധയിനം മാലിന്യങ്ങൾ, പ്രത്യേകിച്ച് മഴക്കാലത്ത് ഒലിച്ചിറങ്ങുന്നത് ഫലപ്രദമായി തടയുന്നതിനും നദീസംരക്ഷണത്തിനുമായി സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട് കടലോരത്ത് നിലവിലുള്ള ഹരിതതീരം പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ/സാംസ്കാരിക സംഘടനകൾ, സർക്കാർ സ്വകാര്യസ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ നദീതീരങ്ങളിലേക്കും മറ്റ്

ജലസ്രോതസ്സുകളുടെ കരയിലേക്കും വ്യാപിപ്പിക്കണമെന്നും ഇതിനായി തീരങ്ങൾ സംരക്ഷിക്കുന്ന മുള, ഈറ, കണ്ടൽ ചെടികൾ എന്നിവ ഉപയോഗിക്കണമെന്നും നദീതീരങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും കരയിൽ നിശ്ചിത വീതിയിൽ നാടൻ വൃക്ഷങ്ങൾ ഉൾപ്പെടുത്തി ഗ്രീൻ ബെൽറ്റ് സ്ഥാപിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. നദീതീര സംരക്ഷണത്തിൽ കണ്ടൽക്കാടുകൾക്ക് വളരെയേറെ പ്രാധാന്യമുള്ള സാഹചര്യത്തിൽ കേരളത്തിൽ നിലവിലുള്ള മുഴുവൻ കണ്ടൽക്കാടുകളും ജൈവവൈവിധ്യ മേഖലയായി പ്രഖ്യാപിച്ച് സംരക്ഷിക്കണമെന്നും കണ്ടൽക്കാടുകൾ നശിപ്പിക്കുന്നത് തടയുന്നതിനായി കർശനവ്യവസ്ഥകളോടെ ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിലുള്ള വാട്ടർഷെഡ് മാനേജ്മെന്റ് പദ്ധതിക്ക് നബാർഡ് സാങ്കേതികവിദ്യയും സാമ്പത്തിക സഹായവും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. മണ്ണൊലിപ്പ് തടയുന്നതിന് പ്രസ്തുത പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 61788/ഡിസി1/2014/തസ്വഭവ. തീയതി 4-11-2014)

നദീതടങ്ങളിൽ വിവിധതലത്തിലുള്ള മാലിന്യങ്ങൾ ഫലപ്രദമായി തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കുടിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കംചെയ്യാനും ഓടകൾ, ജലാശയങ്ങൾ എന്നിവയിൽ ഒഴുക്ക് സുഗമമാക്കാനുള്ള പ്രവർത്തനങ്ങളും കൊതുകുജന്യ രോഗങ്ങൾ കുറയ്ക്കാൻ കൊതുക് നശീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. നദീസംരക്ഷണത്തിനായി സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട് തീരസംരക്ഷണ പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്. സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട് മുള, ഈറ, കണ്ടൽ ചെടികൾ തുടങ്ങിയവ നട്ടുപിടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്. ഉദാഹരണത്തിന് തിരുവനന്തപുരത്ത് കരമനയാർ, ഈ പ്രവർത്തനം വനം വകുപ്പുമായി ചേർന്ന് ചെയ്യുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുവാൻ വനം വകുപ്പിനും ജലവിഭവ വകുപ്പിനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) വനം-വന്യജീവി വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 12442/ഇ 3/2009/ വനം തീയതി 25-6-2011)

1. നദീതടങ്ങളുടെ സംരക്ഷണത്തിനും മലിനീകരണം തടയുന്നതിനുംവേണ്ടി നദീതീരങ്ങളിൽ മുള വച്ചുപിടിപ്പിക്കൽ

ഹരിത കേരളം പദ്ധതിയിൻകീഴിൽ 2011-12-ലേക്ക് വിവിധ ജില്ലകളിലായി മുളംതൈകൾ വച്ചുപിടിപ്പിച്ചതിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| ഡിവിഷന്റെ പേര് | മുളംതൈകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2700 |
| കൊല്ലം | 500 |
| കോട്ടയം | 2000 |
| ഇടുക്കി | 4000 |
| എറണാകുളം | 1000 |
| തൃശ്ശൂർ | 14650 |
| പാലക്കാട് | 35510 |
| മലപ്പുറം | 3044 |
| വയനാട് | 26500 |
| കോഴിക്കോട് | 40000 |
| കാസർഗോഡ് | 45000 |

2. തീരപ്രദേശങ്ങളിൽ മരം വച്ചുപിടിപ്പിക്കൽ പദ്ധതി (ഹരിതതീരം പദ്ധതി)

സുനാമി, കടലാക്രമണം, കടൽക്കാറ്റ് എന്നിവയിൽ നിന്നും കടലോരത്തെ സംരക്ഷിക്കുന്നതിനുവേണ്ടി മണലിനെ ആവരണം ചെയ്യുന്ന കാറ്റാടിത്തൈകൾ കൊണ്ട് കടലോരങ്ങളിൽ ജൈവകവചം ഉണ്ടാക്കി കടലോര നിവാസികൾക്ക് അവരുടെ ദൈനംദിന ആവശ്യങ്ങൾക്കായുള്ള തടി, വിറക്, കാലിത്തീറ്റ എന്നിവ ലഭ്യമാക്കുന്നതിനായി മരത്തൈകൾ വച്ചുപിടിപ്പിച്ചു. ഈ പദ്ധതി ജനകീയ കമ്മിറ്റിയായ തീരസംരക്ഷണ വൻവൽക്കരണ സമിതി (TSVS) മുഖേനയാണ് നടപ്പിലാക്കിയത്. ഇത് സർക്കാരിന്റെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് കേരളത്തിലെ 9 ജില്ലകളെ തീരദേശജില്ലകളായി രജിസ്റ്റർ ചെയ്തു. അതത് തീരദേശവാസികളെ ഉൾപ്പെടുത്തികൊണ്ടാണ് TSVS രൂപീകരിച്ചത്. തീരദേശ വാർഡിലെ ഓരോ

കുടുംബത്തിലെയും ഓരോ മുതിർന്ന അംഗവും ഇതിലെ മെമ്പർ ആണ്. കൂടാതെ പഞ്ചായത്ത് വാർഡ് മെമ്പർ/വാർഡ് കൗൺസിലർ ചെയർമാനായിട്ടുള്ള ഈ കമ്മിറ്റിയിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ (ഫോറസ്റ്റർ/ഫോറസ്റ്റ് ഗാർഡ്) സെക്രട്ടറിയായും സ്ഥലത്തുള്ള ഒരു N.G.O., Fisheries/Revenue Department ഒരു ഉദ്യോഗസ്ഥനും ഇതിലെ അംഗങ്ങളാണ്. ഹരിതതീരം പദ്ധതിപ്രകാരം 2007-2009 വരെ പദ്ധതി നടത്തിപ്പിനായി 132 TSVS സ്ഥാപിക്കുകയും 163.4 ഹെക്ടർ സ്ഥലത്ത് കാറ്റാടി പ്ലാന്റേഷൻ ഉണ്ടാക്കുകയും (ജൈവ കവചം) 14.65 ഹെക്ടർ സ്ഥലത്ത് കണ്ടൽക്കാട് ഉണ്ടാക്കുകയും തദ്ദേശവാസികളുടെ ആവശ്യാനുസരണം തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കുന്നതിനായി 6.18 ലക്ഷം തൈകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. തൊഴിൽ ഇല്ലാതിരുന്ന തീരദേശവാസികളായ സ്ത്രീകൾക്ക് തൊഴിലവസരം ഈ പദ്ധതിപ്രകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഉണ്ടാക്കിയ തോട്ടങ്ങളുടെ പരിചരണവും പരിപാലനവും TSVS മുഖേനയാണ് നടപ്പിലാക്കുന്നത്.

3. <u>നീർത്തട സംരക്ഷണ പദ്ധതി (100% കേന്ദ്രസഹായം) വേമ്പനാട്ടും, കണ്ണൂരും ഉള്ള കണ്ടൽക്കാടുകളുടെ വച്ചുപിടിപ്പിക്കലും സംരക്ഷണവും</u>

2009-10 വേമ്പനാടിലേയും കണ്ണൂരിലേയും കണ്ടൽക്കാടുകളുടെ വച്ചുപിടിപ്പിക്കലും സംരക്ഷണവും സംബന്ധിച്ച പദ്ധതി കേന്ദ്രഗവൺമെന്റ് അംഗീകരിക്കുകയും 2010-11 ലേക്ക് അത് പുനർമൂല്യനിർണ്ണയം നടത്തുകയും ചെയ്തു. ഇത്തരത്തിൽ അനുവദിച്ച തുക വേമ്പനാടിനും കണ്ണൂരിനും യഥാക്രമം 28.59 ലക്ഷവും 21.20 ലക്ഷവുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയതനുസരിച്ച് നടപ്പിലാക്കിയ ജോലികൾ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുകയും ഇതിനാവശ്യമായ സാങ്കേതിക ഉപകരണങ്ങൾ വാങ്ങിക്കലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തലും ശുചീകരണ പ്രവർത്തനങ്ങളും കുടുംബക്ഷേമപ്രവർത്തനങ്ങളും നടത്തുകയും മലിനീകരണ വസ്തുക്കൾ നീക്കം ചെയ്യലും പരിസരം വൃത്തിയാക്കലും അഗ്രോഫോറസ്റ്റി പ്രോത്സാഹിപ്പിക്കുന്നതിനും ആണ്.

വനം വകുപ്പ് നടപ്പിലാക്കിയ കുട്ടനാട് പാക്കേജ്പോലുള്ള പദ്ധതികളിലൂടെയും മറ്റ് പദ്ധതികളിലൂടെയും കണ്ടൽക്കാടുകളുടെ സംരക്ഷണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

കടലോര തീരപ്രദേശത്തുള്ള കണ്ടൽക്കാടുകളുടെയും മറ്റ് മരങ്ങളുടെയും സംരക്ഷണത്തിനായി പരിസ്ഥിതി സംരക്ഷണനിയമവും അതിലുൾപ്പെടുന്ന കോസ്റ്റൽ സോൺ റഗുലേഷൻ, പാഡി ആന്റ് വെറ്റ്ലാന്റ് കൺസർവേഷൻ ആക്ട്, റാംസാർ സൈറ്റ്കൾക്കുവേണ്ടി ഇന്ത്യ ഒപ്പുവെച്ചിട്ടുള്ള ഇന്റർനാഷണൽ ഉടമ്പടി മുതലായവ ബാധകമാണ്. മേൽപ്പറഞ്ഞ നിയമങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടൽ സംരക്ഷണത്തിനായുള്ള പ്രത്യേക നിയമവ്യവസ്ഥകൾ ഇതുവരെയും ഉണ്ടാക്കിയിട്ടില്ല

സർക്കാർ ഭൂമിയിലുള്ള അനധികൃത മരംമുറിയും മരം നശീകരണവും നിയന്ത്രിക്കുന്നതിനായി 10-2-2010-ൽ സർക്കാർ ജി.ഒ. (ആർറ്റി.) നമ്പർ 68/2010 വനം-വന്യജീവി എന്ന ഉത്തരവും ഇറക്കിയിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ഖണ്ഡിക 33-ലെ ശിപാർശ

നദികളേയും നദീതടങ്ങളേയും മറ്റ് ജലസ്രോതസ്സുകളേയും സംരക്ഷിക്കുന്നതിലും അവയുടെ മലിനീകരണ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിലും അതത് പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെ വലിയ ഉത്തരവാദിത്വമാണുള്ളത്. പക്ഷേ അവ എത്രത്തോളം കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ട് എന്ന കാര്യത്തിൽ സമിതിക്ക് സംശയമുണ്ട്. നദികളും കായലുകളും തടാകങ്ങളും കുളങ്ങളും ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തി മാലിന്യനിർമ്മാർജ്ജനം (ഖരമാലിന്യങ്ങളും ദ്രവമാലിന്യങ്ങളും) ഫലപ്രദമായും അടിയന്തരമായും നടപ്പിലാക്കിയാൽ മാത്രമെ ഇവയെ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ വേണ്ട സഹായം ലഭ്യമാക്കുമെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ ജലസ്രോതസ്സുകളുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ (ഖര, ദ്രവ) നിർമ്മാർജ്ജനത്തിനായി കേന്ദ്രസർക്കാരിൽനിന്ന് ധനസഹായം ലഭ്യമാകുന്ന രീതിയിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കി അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ3/12/ജവിവ. തീയതി 26-8-2014)

നിർദ്ദേശങ്ങൾ സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി രൂപീകരണത്തിന് ശേഷം മലിനീകരണനിയന്ത്രണ ബോർഡ് മുഖേന നടപ്പിലാക്കാവുന്നതാണ്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(ബി) തദ്ദേശസ്വയംഭരണ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 61788/ഡിസി1/2014/തസ്വഭവ. തീയതി 4-11-2014)

ജലസ്രോതസ്സുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഖര-ദ്രവ നിർമ്മാർജ്ജനത്തിന് ഊന്നൽനൽകിയുള്ള പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

നടപടിയെടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിച്ചുവരുന്നു. ആയത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്ക് 90% വിഹിതവും ബയോഗ്യാസ് പ്ലാന്റുകൾക്ക് 75% സബ്സിഡിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ലഭ്യമാക്കിവരുന്നു. കേന്ദ്ര പദ്ധതികളായ JNNURM, UIDSSMT പദ്ധതികൾവഴി ഖര-ദ്രവ സംസ്കരണ പദ്ധതികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ നിർമ്മൽ ഭാരത് അഭിയാൻ (എൻ.ബി.എ.) പ്രകാരം ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന പദ്ധതി തയ്യാറാക്കാനും അതുവഴി കേന്ദ്ര ഫണ്ട് സ്വരൂപിക്കാനും നടപടി എടുത്തിട്ടുണ്ട്. നിർമ്മൽ ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾക്ക് പദ്ധതി തുകയുടെ 10% തുക വകയിരുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ തരത്തിലുള്ള സംസ്കരണ സംവിധാനങ്ങൾ സംസ്ഥാന തലത്തിൽ അംഗീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ രൂപീകരിക്കുന്ന കമ്മിറ്റികളിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ നഗരപ്രദേശത്തും ഗ്രാമപ്രദേശത്തും നടപ്പിലാക്കുന്ന ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾക്ക് ആവശ്യമായ പദ്ധതികൾ തയ്യാറാക്കാൻ കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് സ്വരൂപിക്കാൻ ബഹു. പരിസ്ഥിതി സമിതിയുടെ ശിപാർശ കണക്കിലെടുത്ത് നടപടി കൈക്കൊണ്ടിട്ടുണ്ടെന്നുള്ള വിവരം വിനയപൂർവ്വം അറിയിക്കുന്നു.

(14-1-2015 ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ഖണ്ഡിക 34-ലെ ശിപാർശ

നദീതീരങ്ങളിൽ നിന്നും ഒരു നിശ്ചിത അകലത്തിൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുകയുള്ളൂ എന്ന് വ്യവസ്ഥയുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പഴയ അതിർത്തികൾ പലയിടത്തും മാറിപ്പോയിട്ടുണ്ടെന്നും 1977-ന് ശേഷമുള്ള കയ്യേറ്റത്തിന് അംഗീകാരം കൊടുക്കേണ്ടതില്ലെന്നും അങ്ങനെ ചെയ്യുവാൻ റവന്യൂ വകുപ്പിന്റെ കർശനമായ നടപടി ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. നദീതീരങ്ങൾ, കായലുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവ സംസ്ഥാനതലത്തിൽതന്നെ വ്യാപകമായി കയ്യേറപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ വിശദമായ സർവ്വേ നടത്തി പുഴകളുടെ തീരത്തെ പുറമ്പോക്കുകൾ പതിച്ചുകൊടുക്കുവാൻ പാടില്ലെന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ നദീതീരകയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്നും നിർമ്മാണപ്രവർത്തനങ്ങൾ നിയന്ത്രിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കായൽ, പൊതുകുളങ്ങൾ എന്നിവയുടെ കയ്യേറ്റങ്ങളും നശിപ്പിക്കലും കർശനമായി തടയണമെന്നും സമിതി നിർദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നിർമ്മിച്ച പൊതുകിണറുകൾ

പലേടത്തും ഉപയോഗശൂന്യമായി മാലിന്യനിക്ഷേപ കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. ഇത്തരം കിണറുകൾ വൃത്തിയാക്കി സൂക്ഷിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## (എ) തദ്ദേശസ്വയംഭരണ വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 61788/ഡിസി1/2014/ത.സ്വ.ഭ.വ. തീയതി 4-11-2014)

കായൽ, പൊതുകുളങ്ങൾ, ജലാശയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിച്ചിട്ടുള്ളത് നീക്കം ചെയ്യാനും അവയിലെ ഒഴുക്ക് സുഗമമാക്കാനും മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായും അല്ലാതെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ജലാശയങ്ങൾ മലിനപ്പെടുന്നത് തടയാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. ജലാശയങ്ങളിലേക്ക് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി 2014-ലെ കേരള പഞ്ചായത്ത് രാജ് 2-ാം ഭേദഗതി പ്രകാരം വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മലിനജലം ഓടയിലോ ജലാശയത്തിലേക്കോ പൊതുസ്ഥലങ്ങളിലേക്കോ ഒഴുക്കുന്നവർക്കെതിരെ നടപടി എടുക്കാൻ നിയമഭേദഗതി വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം കുറ്റം ചെയ്യുന്നവർക്ക് 6 മാസത്തിൽ കുറയാത്തതും ഒരു വർഷത്തിൽ കൂടാത്തതുമായ തടവോ 50,000 രൂപ പിഴയോ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കാവുന്നതാണ്. ഇത്തരത്തിലുള്ള നിയമ ഭേദഗതിയും വരുത്തിയിട്ടുണ്ട്. പൊതുകിണറുകളും ജലാശയങ്ങളും ഇടയ്ക്കിടെ വൃത്തിയാക്കുന്നതിനുള്ള നടപടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും കൈക്കൊള്ളുന്നുണ്ട്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) റവന്യൂ വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 67484/പി3/2009/റവന്യൂ തീയതി 24-7-2010)

ആറ്റുമണൽ വൻതോതിൽ കുഴിച്ചുവാരുന്നതിൽ നിന്നും നദീതീരങ്ങളെയും നദിയുടെ അടിത്തട്ടിനേയും സംരക്ഷിക്കുന്നതിനും അവയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുന്നതിനും ആറ്റുമണൽ നീക്കം ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം ഉണ്ടാക്കി. 2002-ൽ പ്രസ്തുത നിയമത്തിൻ കീഴിലുള്ള ചട്ടങ്ങളും നിർമ്മിച്ചു.

കടവോ നദീതീരമോ പരിപാലിക്കുന്നതിനാവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി റിവർ മാനേജ്മെന്റ് ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ രൂപീകരിക്കുന്നതിന് പ്രസ്തുത നിയമത്തിലെ

17-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മണൽ വില്പനയിൽ നിന്നും സ്വരൂപിക്കുന്ന തുകയിൽനിന്ന് റോയൽറ്റിക്ക് നൽകിയ തുക കുറച്ചശേഷം ബാക്കി തുകയുടെ 50 ശതമാനവും അനധികൃത മണൽഖനനം, മണൽകടത്ത് ഇവയിൽനിന്ന് കിട്ടുന്ന പിഴ തുടങ്ങിയവയാണ് ഈ ഫണ്ടിലെ ഘടകങ്ങൾ. ഓരോ ജില്ലയും അതത് ജില്ലയുടെ പരിധിയിൽ വരുന്ന നദീതീരത്തെ/നദിയെത്തന്നെ സംരക്ഷിക്കുന്നതിനുള്ള ശിപാർശകൾ, ജില്ലാതല വിദഗ്ധ സമിതിയുടെ അനുമതിയോടെ സർക്കാരിലേക്ക് അയയ്ക്കുകയും അത്തരം ശിപാർശകൾ സംസ്ഥാനതല ഹൈ ലെവൽ കമ്മിറ്റി പരിശോധിച്ച് സർക്കാരിന് ശിപാർശ ചെയ്യുന്നതു പ്രകാരം, സർക്കാർ ഈ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഈ നിയമം വന്നതിനുശേഷം ഇന്നേവരെ 1194 പദ്ധതികളിലായി 100.21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇപ്രകാരം അനുവദിക്കപ്പെടുന്ന പദ്ധതിയുടെയോ ഏതെങ്കിലും പാലത്തിന്റെയോ മേജർ ജലസേചന പദ്ധതിയുടെയോ 500 മീറ്റർ അകലത്തിൽ യാതൊരുവിധ മണൽവാരൽ പ്രവർത്തനവും ഉണ്ടാകരുതെന്ന് പ്രത്യേകം നിഷ്കർഷയുണ്ട്. മാത്രമല്ല, ഇപ്രകാരം അനുവദിക്കപ്പെടുന്ന പദ്ധതികൾ നദീതീരങ്ങളിലെ സസ്യകവചങ്ങൾക്കും കണ്ടൽക്കാടുകൾക്കും മറ്റും യാതൊരുവിധ കേടുപാടുകളും വരുത്തരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. നദീതീരങ്ങളെ സംരക്ഷിക്കുന്നതിനായി രാമച്ചം വെച്ചുപിടിപ്പിക്കുക, മുള വെച്ചുപിടിപ്പിക്കുക എന്നീ പദ്ധതികളും റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ അനുവദിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

നദീതീരങ്ങളിലെ പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റത്തിന് വ്യവസ്ഥയില്ലാത്തതും അത്തരം കയ്യേറ്റങ്ങൾ കർശനമായി നിയന്ത്രിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

നദികളിലെ അല്ലെങ്കിൽ നദീതീരങ്ങളിലെ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും മുകളിൽ പരാമർശിച്ചിട്ടുള്ള നിയമത്തിനും ചട്ടങ്ങൾക്കും കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നില്ലായെന്നുള്ള വിവരംകൂടി അറിയിക്കുന്നു.

Based on recommendations of the Committee, the Vellayani Kayal and Shasthamcottah Lake have been taken up as pilot projects to survey and demarcate the outer boundary of both the water bodies, evict all encroachments and protect the water bodies as public property by planting shrubs and saplings along the banks to prevent future encroachments. Action will also be taken to stop release of effluents into these water bodies. Cases of land assignment within the area of the water body will be reviewed as water bodies are not assignable.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ഖണ്ഡിക 35-ലെ ശിപാർശ

സുപ്രീം കോടതി നിർദ്ദേശപ്രകാരം രൂപീകരിച്ച പ്രാദേശിക പരിസ്ഥിതി സമിതികളുടെ പ്രവർത്തനം നിലച്ചിരിക്കുന്നതായും ഹസാർഡസ് വേസ്റ്റ് മറവുചെയ്യുന്നതിനായി രൂപീകരിക്കുവാൻ നിർദ്ദേശിച്ചിരുന്ന Treatment Storage Disposal Facility (ടി.എസ്.ഡി.എഫ്.) സ്ഥാപിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള പ്രാദേശിക പരിസ്ഥിതി സമിതികൾ (Local Area Environment Committee) അടിയന്തരമായി രൂപീകരിക്കണമെന്നും പെരിയാർ തീരത്തും അതുപോലെ മറ്റ് വ്യാവസായിക കേന്ദ്രങ്ങളിലും അടിയന്തരമായി ടി.എസ്.ഡി.എഫ്. നിർമ്മിച്ച് മാലിന്യങ്ങൾ ശാസ്ത്രീയമായി മറവുചെയ്യണമെന്നും രാസവ്യവസായങ്ങളുടെ സാന്ദ്രത കൂടിയ മേഖലകളിൽ 1996-ലെ Chemical Accidents (Emergency Planning Preparedness Responses) Rule അനുസരിച്ചുള്ള സുരക്ഷാ നടപടികൾ സ്വീകരിക്കുക, എല്ലാ വ്യവസായങ്ങളും സീറോ ഡിസ്ചാർജിംഗ് സംവിധാനത്തിലേക്ക് മാറ്റുക തുടങ്ങിയ സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) വ്യവസായ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12446/ജി2/2014/വ്യവ. തീയതി 3-8-2015)

സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശിച്ച പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിച്ചതോടെ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച പ്രാദേശിക പരിസ്ഥിതി സമിതി (Local Area Environment Committee)യുടെ പ്രവർത്തനം പൂർത്തീകരിച്ചു. ആയതിനാൽ ടി സമിതി പിരിച്ചുവിട്ടു. ബോർഡിന്റെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തവും സഹകരണവും തുടർന്നും ഉറപ്പാക്കാൻ എറണാകുളം ജില്ലയ്ക്കായി ഒരു പരിസ്ഥിതി കാവൽ സംഘം (Environment Sentinal Group) രൂപീകരിച്ചു. ഇതിൽ എറണാകുളം ജില്ലയിലെ പഞ്ചായത്തുകളിലെ പ്രതിനിധികൾ, സാങ്കേതിക വിദഗ്ദ്ധർ, പ്രദേശവാസികൾ എന്നിവർ ഉൾപ്പെടുന്നു. ഈ സംഘം ഇപ്പോൾ എറണാകുളം ജില്ലാ പരിസ്ഥിതി സമിതി (Ernakulam District Environment Committee) എന്ന പേരിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിലെ അമ്പലമുകളിൽ KSIDC-യുടെ ആഭിമുഖ്യത്തിൽ അപകടകാരികളായ പാഴ്വസ്തുക്കൾക്ക് ഒരു പൊതുസംസ്കരണ സംഭരണ നിർമ്മാർജ്ജന സംവിധാനം (Common Treatment, Storage, Disposal Facility-CTSDF) കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡിന്റെ മാർഗ്ഗരേഖയനുസരിച്ച്

ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് 2008 ഡിസംബറിൽ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തുള്ള വ്യവസായശാലകളിൽ നിന്നുള്ള അപകടകാരികളായ ഖര പാഴ്വസ്തുക്കൾ ഈ പൊതു സംവിധാനത്തിൽ നിർമ്മാർജ്ജനം ചെയ്യാനായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. 20 വർഷം ഉപയോഗിക്കാനാണ് പൊതുസംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്. എന്നാൽ നിലവിൽ ഈ പൊതുസംവിധാനത്തിൽ എത്തിച്ചേരുന്ന മാലിന്യങ്ങളുടെ അളവ് കുറവാണ്. പൊതുസംവിധാനം കൂടാതെ ബിനാനി സിങ്ക്, കെ.എം.എം.എൽ. തുടങ്ങിയ ചില വൻകിട വ്യവസായങ്ങൾക്ക് അവരുടേതായ സെക്യൂർ ലാന്റ് ഫിൽ സിസ്റ്റം ഉണ്ട്. ആയതിനാൽ പുതിയ സി.റ്റി.എസ്.ഡി.എഫ്. തുടങ്ങേണ്ടതിന്റെ ആവശ്യകത ഇപ്പോൾ ഉദിക്കുന്നില്ല. വ്യവസായങ്ങൾ Chemical Accidents (Emergency Planning Preparedness and Response) Rules പ്രകാരമുള്ള Onsite, Offsite emergency പ്ലാനുകൾ തയ്യാറാക്കേണ്ടതുണ്ട്. ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ നടപ്പാക്കേണ്ടത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പാണ്. സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശപ്രകാരം പെരിയാറിലേക്ക് പാഴ്ജലം ഒഴുക്കുന്ന 23 വ്യവസായങ്ങൾക്ക് സീറോ എഫ്ലുവന്റ് ഡിസ്ചാർജ്ജ് സംവിധാനം ഏർപ്പെടുത്തണമെന്ന് നിർദ്ദേശം നൽകി. അപ്രകാരം 5 വ്യവസായങ്ങളിൽ സീറോ എഫ്ലുവെന്റ് ഡിസ്ചാർജ്ജ് സംവിധാനം ഏർപ്പെടുത്തി. സീറോ എഫ്ലുവെന്റ് ഡിസ്ചാർജ്ജ് സംവിധാനം പൂർണ്ണമായും നടപ്പാക്കാൻ ബുദ്ധിമുട്ടുള്ള വ്യവസായങ്ങൾക്ക് . പാഴ്ജലത്തിന്റെ അളവ് 80% കണ്ട് കുറയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) ജലവിഭവ വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ3/2012/ജവിവ. തീയതി 26-8-2014)

സുപ്രീം കോടതി നിർദ്ദേശപ്രകാരം രൂപീകരിച്ച പ്രാദേശിക പരിസ്ഥിതി സമിതി (Local Area Environment Committee)യുടെ പ്രവർത്തനം പൂർത്തീകരിക്കുകയും അത് പിരിച്ചുവിടുകയും ചെയ്തു. മലിനീകരണനിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തവും സഹകരണവും തുടർന്നും ഉറപ്പാക്കുവാൻ എറണാകുളം ജില്ലയ്ക്കായി ഒരു പരിസ്ഥിതി കാവൽ സംഘം രൂപീകരിച്ചു. ഇതിൽ എറണാകുളം ജില്ലയിലെ ഏലൂർ എടയാർ മേഖലയിലെ പഞ്ചായത്ത് പ്രതിനിധികൾ, സാങ്കേതിക വിദഗ്ദ്ധർ, പ്രദേശവാസികൾ എന്നിവർ ഉൾപ്പെടുന്നു. ഈ സംഘം ഇപ്പോൾ എറണാകുളം ജില്ലാ പരിസ്ഥിതി സമിതി (Ernakulam Environment Committee) എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു. ഇവർ വിവിധ വ്യവസായശാലകൾ ഇടയ്ക്കിടയ്ക്ക് സന്ദർശിക്കുകയും അവിടത്തെ മലിനീകരണ പ്രശ്നങ്ങൾ വിലയിരുത്തുകയും തൽസമയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്തുണ്ടാകുന്ന അപകടകാരികളായ പാഴ്‌വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സ്ഥാപിക്കപ്പെട്ട പൊതുസംവിധാനം എറണാകുളം ജില്ലയിൽ അമ്പലമുകളിൽ 2008 ഡിസംബർ മുതൽ പ്രവർത്തിച്ചുവരുന്നു. ഈ സംവിധാനത്തിലൂടെ സംസ്ഥാനത്ത് ഉണ്ടാകുന്ന അപകടകാരികളായ പാഴ്‌വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യാൻ സാധ്യമാകും. ടി സംവിധാനം KSIDC-യുടെ ആഭിമുഖ്യത്തിലുള്ള KEIL മുഖേന കാര്യക്ഷമമായി നിലവിൽ പ്രവർത്തിക്കുന്നു. ടി സ്ഥാപനം വിവിധ കമ്പനികളിൽ നിന്നുള്ള അപകടകാരികളായ പാഴ്‌വസ്തുക്കൾ തങ്ങളുടെ വാഹനങ്ങളിൽ ശേഖരിച്ച് പൊതുസംവിധാനത്തിൽ എത്തിച്ച് നിർമ്മാർജ്ജനം ചെയ്യുന്നു. പൊതുവെ നിലവിലുള്ള സംവിധാനം കേരളത്തിലെ മുഴുവൻ ഹസാർഡസ് വേസ്റ്റും നിർമ്മാർജ്ജനം ചെയ്യാൻ പര്യാപ്തമായതാണ്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ഖണ്ഡിക 36-ലെ ശിപാർശ</u>

ഫാക്ടറികളിൽ നിന്നുള്ള മലിനജലവും മാലിന്യങ്ങളും നദികളിലേക്കും ജലാശയങ്ങളിലേക്കും ഒഴുക്കിവിടാതെ ശുദ്ധീകരിച്ച് ഫാക്ടറി ആവശ്യങ്ങൾക്കായി വീണ്ടും ഉപയോഗിക്കുന്ന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അധികംവരുന്ന പാഴ്ജലം മലിനീകരണനിയന്ത്രണ ബോർഡിന്റെ മാനദണ്ഡമനുസരിച്ച് ശുദ്ധീകരിച്ചതിനുശേഷമേ പുറത്തേക്കു തുറന്നുവിടാവൂ എന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഫാക്ടറികൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വ്യവസായസ്ഥാപനങ്ങൾ കൂടുതലായി നദീതീരത്തോട് കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിൽ മലിനജലത്തിന്റെ അളവ് സ്ഥിരമായി പരിശോധനാവിധേയമാക്കണമെന്നും പ്രസ്തുത പരിശോധനാഫലം റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ.3/12/ജവിവ. തീയതി 26-8-2014)

വ്യവസായശാലകളിൽ നിന്നുള്ള മലിനജലം ശുദ്ധീകരിച്ച് കഴിവതും പുനരുപയോഗം ചെയ്യുകയും ബാക്കിവരുന്ന ശുദ്ധീകരിച്ച ജലം പുറന്തള്ളാനുമാണ് മലിനീകരണനിയന്ത്രണ ബോർഡ് വ്യവസായശാലകൾക്ക് അനുമതി നൽകുമ്പോൾ നിഷ്കർഷിക്കുന്നത്. കൂടാതെ ശുദ്ധീകരിച്ച മലിനജലത്തിൽ അടങ്ങിയിരിക്കാവുന്ന മാലിന്യഘടകങ്ങളുടെ അനുവദനീയപരിധി, പ്രതിദിനം പുറന്തള്ളാവുന്ന ശുദ്ധീകരിച്ച മലിനജലത്തിന്റെ അളവ്, ശുദ്ധീകരിച്ച മലിനജലം പുറന്തള്ളുന്ന സ്ഥാനം എന്നിവ പ്രവർത്തനാനുമതിപത്രത്തിൽ നിഷ്കർഷിക്കുകയും ഈ നിബന്ധനകൾ വ്യവസായശാല പാലിക്കുന്നുണ്ടോ എന്ന് തുടർന്നു നടത്തുന്ന പരിശോധനകളിൽ ഉറപ്പാക്കാറുണ്ട്. പുറന്തള്ളാവുന്ന സംസ്കരിച്ച

ജലത്തിൽ അടങ്ങിയിരിക്കാവുന്ന മാലിന്യഘടകങ്ങളുടെ പരിധി വ്യവസായശാലയിൽ പൊതുജനങ്ങളുടെ അറിവിലേക്കായി ഡിസ്‌പ്ലേ ചെയ്യണമെന്നും ബോർഡ് നൽകുന്ന പ്രവർത്തനാനുമതിപത്രത്തിൽ നിഷ്കർഷിക്കുന്നുണ്ട്. ബോർഡ് നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കാത്തവർക്കെതിരെ അടച്ചുപൂട്ടൽ നടപടിവരെ കൈക്കൊണ്ട് വരുന്നുണ്ട്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) വ്യവസായ വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 12446/ജി2/2014/ വ്യവ. തീയതി 3-8-2015)

മലിനജലം ശുദ്ധീകരിച്ച് കഴിവതും പുനരുപയോഗിക്കാൻ വ്യവസായങ്ങൾക്ക് നിർദ്ദേശം നൽകാറുണ്ട്. വ്യവസായങ്ങൾ ബാക്കി സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രവർത്തനാനുമതിപത്രത്തിൽ ശുദ്ധീകരിച്ച മലിനജലത്തിലെ മാലിന്യ ഘടകങ്ങളുടെ അനുവദനീയ പരിധി നിഷ്കർഷിക്കും. പ്രതിദിനം ഒഴുക്കാവുന്ന മലിനജലത്തിന്റെ പരമാവധി അളവും നിഷ്കർഷിക്കുന്നു. ഇതു കൂടാതെ സംസ്കരിച്ച മലിനജല നിർഗ്ഗമന സ്ഥാനവും നിഷ്കർഷിക്കും. നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധന കൾവഴി ഉറപ്പാക്കുന്നു. നിബന്ധനകൾ ലംഘിക്കുന്നവർക്കെതിരെ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള നടപടികൾ ബോർഡ് കൈക്കൊള്ളുന്നു.

(5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ഖണ്ഡിക 37-ലെ ശിപാർശ</u>

വ്യവസായവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തന്നെ മലിനീകരണം പരമാവധി കുറയ്ക്കുന്ന പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്ന വ്യവസായങ്ങൾക്ക് മുൻഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) വ്യവസായ വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 12446/ജി2/2014/വ്യവ. തീയതി 3-8-2015)

മലിനീകരണം കുറയ്ക്കുന്ന പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്ന വ്യവസായങ്ങൾ നടപ്പാക്കാൻ ബോർഡ് പ്രേരിപ്പിക്കാറുണ്ട്. ഉദാഹരണത്തിന് പരമ്പരാഗതമായി തൊണ്ട് കായലിൽ ഇട്ട് ചീയിച്ച് തല്ലി ചകിരി വേർതിരിക്കുന്നതിനു പകരം ഇവ ടാങ്കുകളിൽ സംഭരിച്ച് ആവണക്കെണ്ണ മിശ്രിതം തളിച്ച് സംസ്കരിക്കുന്ന വിദ്യ കയർബോർഡ് വികസിപ്പിച്ചെടുത്തു. എല്ലാ യൂണിറ്റുകളും പുത്തൻ സാങ്കേതികവിദ്യ പ്രയോഗിക്കണമെന്ന് ബോർഡ് പത്രമാധ്യമങ്ങളിലൂടെ അറിയിച്ചിട്ടുണ്ട്.

(5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) ജലവിഭവ വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ3/2012/ജവിവ. തീയതി 26-8-2014)

മലിനജലം കുറയ്ക്കുന്നതിനു വേണ്ടതായ പുത്തൻ സാങ്കേതികവിദ്യകൾ വ്യവസായ ശാലകളിൽ നടപ്പിലാക്കാൻ നിർദ്ദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ഖണ്ഡിക 38-ലെ ശിപാർശ

ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന വർദ്ധിച്ച തോതിലുള്ള രാസവളങ്ങളുടെയും കീടനാശിനികളുടെയും അവശിഷ്ടങ്ങൾ നദികളിൽ എത്തിച്ചേരുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത മലിനീകരണം കുറയ്ക്കുന്നതിനായി കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തണമെന്നും രാസവളങ്ങളും കീടനാശിനികളും ആവശ്യത്തിനുമാത്രം ഉപയോഗിക്കുന്നതിനും പകരം ജൈവവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും നദികളുടെ പ്രഭവകേന്ദ്രങ്ങളിലെ തോട്ടങ്ങളിൽ പ്രയോഗിക്കുന്ന കീടനാശിനികളുടെ അമിതോപയോഗം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## കൃഷി വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 25374/എജി3/2009/കൃഷി തീയതി 20-12-2010)

ഒൻപതാം പഞ്ചവത്സര പദ്ധതി മുതൽ തന്നെ കൃഷി വകുപ്പ് സംയോജിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിച്ച് കൃഷി ചെയ്യുന്ന രീതിക്ക് പ്രാധാന്യം നൽകുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇത്തരം പദ്ധതികളിലൂടെ രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം നിയന്ത്രിക്കുന്നതിനാവശ്യമായ ബോധവൽക്കരണവും നൽകുന്നുണ്ട്. അതോടൊപ്പം ജൈവവളങ്ങളും ജൈവകീടനാശിനികളും സബ്സിഡി നിരക്കിൽ വിതരണം നടത്തുവാനും പദ്ധതികളിൽ ഘടകങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

ഇതിനുപുറമെ സംസ്ഥാന സർക്കാർ ജൈവകൃഷി നയംതന്നെ നടപ്പിലാക്കിയിട്ടുണ്ട്. ഈ നയം നടപ്പിലാക്കുന്നതിന്റെ പ്രധാന ലക്ഷ്യംതന്നെ കാർഷിക രാസവസ്തുക്കളുടെയും മാരകമായ മറ്റ് ഉൽപ്പന്നങ്ങളുടെയും ഉപയോഗം ഒഴിവാക്കുക, രാസവിഷമുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുക എന്നതാണ്. ഇത്തരത്തിൽ ജൈവകൃഷി സമ്പ്രദായം ഉറപ്പാക്കുകവഴി ഒരു പരിധിവരെ കീടനാശിനികൾ, രാസവളങ്ങൾ തുടങ്ങിയവകൊണ്ട് ജലസ്രോതസ്സുകൾ മലിനമാകുന്നത് തടയാൻ സാധിക്കുന്നതാണ്.

2010-11 സാമ്പത്തിക വർഷം കൃഷിവകുപ്പ് ജൈവകൃഷി പദ്ധതി നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത ബ്ലോക്കുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിപ്രകാരം ജൈവകൃഷിരീതി അവലംബിക്കുന്ന കർഷകന് 10,000 രൂപ ധനസഹായം നൽകുന്നതാണ്.

കൃഷിവകുപ്പിന്റെ മേൽവിവരിച്ച പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി മലിനീകരണം ഒരു പരിധിവരെ തടയാൻ സാധിക്കുന്നതാണ്.

ഇന്ത്യൻ കീടനാശിനി ഉപയോഗ നിയമത്തിൽ ഭേദഗതി വരുത്തി സംസ്ഥാനങ്ങൾക്ക് അധികാരം നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ഖണ്ഡിക 39-ലെ ശിപാർശ</u>

സംസ്ഥാനത്തെ മിക്ക ആശുപത്രികളിലും മലിനജലവും മറ്റു മാലിന്യങ്ങളും നദികളിലേക്ക് ഒഴുക്കിവിടുന്നതായി സമിതിക്കു ബോധ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ആശുപത്രികളും ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് അനുസരിച്ച് രജിസ്റ്റർ ചെയ്യണമെന്ന് 2003-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും നാളിതുവരെ സംസ്ഥാനത്തെ എല്ലാ ആശുപത്രികളും ഈ റൂൾസ് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ/സ്വകാര്യ ആശുപത്രികളേയും ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, ജലമലിനീകരണ നിയന്ത്രണ നിയമം എന്നിവയനുസരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും ഭാവിയിൽ നിർമ്മിച്ചേക്കാവുന്നതുമായ എല്ലാ ആശുപത്രികൾക്കും ജല (മലിനീകരണനിയന്ത്രണം) നിയമപ്രകാരവും ബയോമെഡിക്കൽ റൂൾസ് പ്രകാരവും ഉള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയതിനുശേഷം മാത്രമേ പ്രവർത്തനാനുമതി നൽകാവൂ എന്നും ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ3/2012/ജവിവ. തീയതി 26-8-2014)

ആശുപത്രികളിൽ നിന്നും വ്യവസായശാലകളിൽ നിന്നും നിലവിൽ നേരിട്ട് നദികളിലേക്ക് മലിനജലമോ/ശുദ്ധീകരിച്ച പാഴ്ജലമോ ഒഴുക്കുന്നത് നിയന്ത്രിച്ചിട്ടുണ്ട്. നിലവിൽ മലിനജലം സംസ്കരണശേഷം പുനരുപയോഗം ചെയ്യാനും ബാക്കിവരുന്നത്

സ്വന്തം മണ്ണിൽ ഇറിഗേഷനോ അരിച്ചിറങ്ങലിനോ (land for percolation) ഉപയോഗിക്കാനാണ് കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് അനുമതി നൽകിവരുന്നത്. വളരെ ചുരുക്കമായി മാത്രമേ സംസ്കരിച്ച ജലം നദികളിലേക്ക് പുറന്തള്ളാൻ അനുവദിക്കുന്നുള്ളൂ.

സംസ്ഥാനത്തെ ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള മുഴുവൻ ബയോമെഡിക്കൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളെയും ബയോമെഡിക്കൽ വേസ്റ്റ്സ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് ഏകദേശം 4000-ത്തോളം യൂണിറ്റുകളേയും ബോർഡിന്റെ അനുമതി പരിധിയിൽ ഉൾപ്പെടുത്തി അവയിൽ നിന്നുള്ള ബയോമെഡിക്കൽ മാലിന്യം ബയോമെഡിക്കൽ റൂൾസിനു വിധേയമായി സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ബോർഡ് നൽകിവരുന്നു. പുതുതായി തുടങ്ങുന്ന ആശുപത്രികൾക്ക് മലിനജലസംസ്കരണത്തിനും ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും വേണ്ടതായ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന നിബന്ധനയോടു കൂടിയാണ് ബോർഡ് സ്ഥാപനാനുമതി നൽകുന്നത്. ഇവ കാര്യക്ഷമമായി നടപ്പിലാക്കിയാൽ മാത്രമേ പ്രവർത്തനാനുമതി നൽകാറുള്ളൂ.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ഖണ്ഡിക 40-ലെ ശിപാർശ

നിലവിൽ നദികളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് പഞ്ചായത്ത് രാജ് നഗരപാലിക നിയമപ്രകാരം നൽകുന്ന പിഴ വളരെ ലഘുവാണെന്നും ഇതിൽ മലിനീകരണത്തിന്റെ അളവും തോതും പരിഗണിക്കപ്പെടുന്നില്ലെന്നതും ഒരു പോരായ്മയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ, നദികളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കു നൽകുന്ന പിഴ, നിക്ഷേപിക്കുന്ന മാലിന്യത്തിന്റെ തോതും അളവും അനുസരിച്ചും നിലവിലുള്ള പരമാവധി പിഴയുടെ നാലോ അഞ്ചോ ഇരട്ടിയായി വർദ്ധിപ്പിക്കണമെന്നും ഒന്നിലധികം പ്രാവശ്യം പിഴ അടച്ച വ്യക്തികളെ വീണ്ടും പിടിക്കുകയാണെങ്കിൽ ജാമ്യം ലഭിക്കാത്ത കുറ്റമായി കണക്കാക്കി തടവും പിഴയും നൽകത്തക്ക രീതിയിൽ ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ മാലിന്യം നിക്ഷേപിക്കാനുപയോഗിച്ച വാഹനം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) ജലവിഭവ വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ3/2012/ജവിവ. തീയതി 26-8-2014)

ജലാശയങ്ങളിലും ജലസ്രോതസ്സിലും ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ നിക്ഷേപിക്കുന്നത് കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായ കുറ്റമായും ഇത്തരം കുറ്റം

ചെയ്യുന്നവർക്കുള്ള പിഴ പതിനായിരം മുതൽ ഇരുപതിനായിരം രൂപ വരെയും ആറ് മാസം മുതൽ ഒരു വർഷം വരെ തടവുശിക്ഷ നൽകാനും മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കാനും കണ്ടുകെട്ടാനുമുള്ള നിയമഭേദഗതി മുനിസിപ്പാലിറ്റീസ് ആക്ടിലും പഞ്ചായത്ത് രാജ് ആക്ടിലും വരുത്തി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) തദ്ദേശസ്വയംഭരണ വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 63309/ആർ.ഡി1/09/തസ്വഭവ. തീയതി 7-1-2010)

ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുകയും ജലാശയങ്ങളിലേക്ക് മലിനജലം ഒഴുക്കുകയോ മറ്റേതെങ്കിലും വിധത്തിൽ ജലം ദൂഷിപ്പിക്കുകയോ ചെയ്യുന്ന കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമാക്കിക്കൊണ്ടും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുമുള്ള പിഴ ഏർപ്പെടുത്തിക്കൊണ്ടും ആറ് മാസത്തിനും ഒരു വർഷത്തിനും ഇടയിൽ തടവുശിക്ഷ നൽകാമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടും 2009-ലെ 31-ാം ആക്റ്റ് പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 219-ാം വകുപ്പും 2009-ലെ 30-ാം ആക്ട് പ്രകാരം കേരള മുനിസിപ്പാലിറ്റി ആക്ട് 340-ാം വകുപ്പും ഭേദഗതി ചെയ്തിട്ടുണ്ട്. മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കാനും കണ്ടുകെട്ടാനും സാദ്ധ്യമാകുന്ന വിധത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 219 യു വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ട് 340 ബി വകുപ്പിലും വ്യവസ്ഥകൾ ചേർത്താണ് ആക്ട് ഭേദഗതി ചെയ്തിരിക്കുന്നത്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (സി) ആഭ്യന്തര വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 9361/ജി2/2014/ആഭ്യന്തരം തീയതി 4-8-2015)

നദികളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ ചുമത്തുന്ന പിഴത്തുക വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്. ഇത്തരം നിയമലംഘകർക്കെതിരെ തടവും പിഴയും നൽകത്തക്കരീതിയിൽ നിയമനിർമ്മാണം നടത്തേണ്ടതും പ്രസ്തുത വകുപ്പാണ്. ആഭ്യന്തര വകുപ്പ് ഇക്കാര്യത്തിൽ നിയമലംഘകർക്കെതിരെ IPC 269, 278, KP Act 120 എന്നീ വകുപ്പുകൾ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

(5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ഖണ്ഡിക 41-ലെ ശിപാർശ

നദീതീരങ്ങൾ കേന്ദ്രീകരിച്ച് ഫ്ലാറ്റുകളും ഹൗസിംഗ് കോളനികളും നിർമ്മിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ നദീതീരങ്ങൾ കേന്ദ്രീകരിച്ച് പണി തീർന്നിട്ടുള്ളതും തീർന്നുകൊണ്ടിരിക്കുന്നതുമായ മുഴുവൻ പാർപ്പിട സമുച്ചയങ്ങളിലേയും മാലിന്യസംസ്കരണ സംവിധാനം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമങ്ങൾ അനുസരിച്ചുള്ള മലിനീകരണ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്താത്ത ഫ്ലാറ്റുകളും ഹൗസിംഗ് കോളനികളും ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തി ബോർഡിന്റെ നിർദ്ദേശം പാലിക്കണമെന്നും നിർമ്മാണത്തിലിരിക്കുന്ന ഇത്തരം പാർപ്പിട സമുച്ചയങ്ങൾക്ക് മലിനീകരണനിയന്ത്രണ സംവിധാനം ഏർപ്പെടുത്തി അവ തൃപ്തികരമായി പ്രവർത്തിപ്പിച്ചതിനുശേഷമേ അംഗീകാരം നൽകാവൂ എന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ കുറ്റമറ്റ മലിനീകരണനിയന്ത്രണ സംവിധാനം കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്നുറപ്പുവരുത്തുന്നതിനായി മലിനീകരണനിയന്ത്രണ ബോർഡിന്റെ ത്രൈമാസ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും ഇതിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ3/12/ജ.വി.വ. തീയതി 26-8-2014)

പാർപ്പിട സമുച്ചയങ്ങളിൽ (ഫ്ലാറ്റുകൾ) നിന്നുണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ടി സ്ഥാപനങ്ങളിൽ തന്നെ ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന നിബന്ധനയോടുകൂടിയാണ് ബോർഡ് ടി സ്ഥാപനങ്ങൾക്ക് സ്ഥാപനാനുമതി നൽകുന്നത്. 2000 ചതുരശ്ര മീറ്ററോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളാണെങ്കിൽ ബോർഡിന്റെ അനുമതി ഉണ്ടെങ്കിൽ മാത്രമേ ലൈസൻസ് നൽകുകയോ/പുതുക്കി നൽകുകയോ ചെയ്യാവൂവെന്നും 200 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളാണെങ്കിൽ മലിനജലം സംസ്കരിക്കുന്നതിനായി ശാസ്ത്രീയമായ സെപ്റ്റിക് ടാങ്ക്, സോക്പിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ലൈസൻസ് നൽകുകയോ/പുതുക്കി നൽകുകയോ ചെയ്യാവൂവെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മലിനീകരണനിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. പാർപ്പിട സമുച്ചയങ്ങൾക്ക് നിലവിൽ അനുമതി നൽകുമ്പോൾ നദിയിലേക്കോ ജലാശയങ്ങളിലേക്കോ നേരിട്ട് സംസ്കരിച്ച പാഴ്ജലം പുറന്തള്ളാൻ അനുവദിക്കുന്നില്ല.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) തദ്ദേശസ്വയംഭരണ വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 61788/ഡി.സി1/2014/തസ്വഭവ. തീയതി 4-11-2014)

നദീതടങ്ങൾ ഉൾപ്പെടെയുള്ള ഫ്ലാറ്റുകളിലും ആശുപത്രികളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കണമെന്നുള്ള മാനദണ്ഡം കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഫ്ലാറ്റുകളും കെട്ടിട സമുച്ചയങ്ങളും സ്ഥാപിക്കുമ്പോൾതന്നെ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി നേടേണ്ടതാണെന്നും അവ സ്ഥാപിച്ചതിനുശേഷം മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നമ്പർ ലഭിക്കുന്നതിന് കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി നിർബന്ധമാക്കിക്കൊണ്ട് സർക്കാർ വിജ്ഞാപനം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കാനുള്ള നടപടി കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് കൈക്കൊണ്ടുവരുന്നു.

പാർപ്പിട സമുച്ചയങ്ങളിൽ (ഫ്ലാറ്റുകൾ) നിന്നുണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ടി സ്ഥാപനങ്ങളിൽതന്നെ ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന നിബന്ധനയോടുകൂടിയാണ് മലിനീകരണ നിയന്ത്രണ ബോർഡ് ടി സ്ഥാപനങ്ങൾക്ക് സ്ഥാപനാനുമതി നൽകുന്നത്.

സ്ഥാപനാനുമതിയിൽ നിഷ്കർഷിക്കുന്ന മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയതിനുശേഷമാണ് പ്രവർത്തനാനുമതി നൽകുന്നത്. 2000 ചതുരശ്ര മീറ്ററോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളാണെങ്കിൽ ബോർഡിന്റെ അനുമതി ഉണ്ടെങ്കിൽ മാത്രമേ ലൈസൻസ് നൽകുകയോ/പുതുക്കി നൽകുകയോ ചെയ്യാവൂവെന്നും 2000 ചതു.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളാണെങ്കിൽ മലിനജലം സംസ്കരിക്കുന്നതിനായി ശാസ്ത്രീയമായ സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ലൈസൻസ് നൽകുകയോ/പുതുക്കി നൽകുകയോ ചെയ്യാവൂവെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. പാർപ്പിട സമുച്ചയങ്ങൾക്ക് അനുമതി നൽകുമ്പോൾ നദിയിലേക്കോ ജലാശയങ്ങളിലേക്കോ നേരിട്ട് സംസ്കരിച്ച പാഴ്ജലം പുറന്തള്ളാൻ അനുവദിക്കുന്നില്ല.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### ഖണ്ഡിക 42-ലെ ശിപാർശ

വിവിധ തരത്തിലുള്ള രാസ-ജൈവ മാലിന്യങ്ങൾ തടയുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിന് സങ്കീർണ്ണമായ രാസവസ്തുക്കൾ പരിശോധിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോടുകൂടിയ ആധുനിക ലബോറട്ടറിയും ഒപ്പം സാങ്കേതിക വിദഗ്ദ്ധരേയും അനുവദിക്കേണ്ടതാണെന്നും കൂടാതെ കരയിലും ജലത്തിലും നിന്ന് സാമ്പിളുകൾ ശേഖരിച്ച്

അപ്പപ്പോൾ തന്നെ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുവേണ്ട മൊബൈൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും പാർപ്പിട മേഖല, വ്യവസായ മേഖല എന്നിങ്ങനെ വേർതിരിച്ച് അവയ്ക്കോരോന്നിനും ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. പെരിയാറിലെ ജലത്തിന് നിറംമാറ്റമുണ്ടായതുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡിന് യുക്തിസഹവും ശാസ്ത്രീയവുമായ റിപ്പോർട്ട് നൽകാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച വാർത്ത പ്രചരിക്കുമ്പോൾ ആ സ്ഥലത്തെ ജനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ വ്യക്തമായി കേട്ടശേഷം അവരുടെ ആശങ്കകൾ അകറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് ബോർഡ് എപ്പോഴും സജ്ജമായിരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. എല്ലാ ഫാക്ടറികളുടെയും മലിനജലനിർഗ്ഗമനക്കുഴലുകൾ ഫാക്ടറിയിൽ കയറാതെ ആവശ്യമുള്ളപ്പോൾ പരിശോധിക്കുന്നതിന് സൗകര്യപ്പെടുന്ന തരത്തിൽ ക്രമീകരിക്കണമെന്നും ട്രീറ്റ് ചെയ്യാതെ അവശിഷ്ടങ്ങൾ ആറിലേക്ക് ഒഴുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാൻ സ്ഥിരം സംവിധാനം ബോർഡുണ്ടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ3/2012/ജവിവ. തീയതി 26-8-2014)

നോയിസ് പൊല്യൂഷൻ (റെഗുലേഷൻ ആന്റ് കൺട്രോൾ) റൂൾസ്, 2000 പ്രകാരം വ്യവസായമേഖല, വാണിജ്യമേഖല, പാർപ്പിടമേഖല, നിശബ്ദമേഖല എന്നിവിടങ്ങളിൽ പകൽ, രാത്രി സമയങ്ങളിൽ ഉണ്ടാകാവുന്ന പരമാവധി ശബ്ദം നിഷ്കർഷിച്ചിട്ടുണ്ട്. അന്തരീക്ഷ വായുവിലെ പൊടി, സൾഫർ ഡയോക്സൈഡ്, നൈട്രജൻ ഓക്സൈഡുകൾ, ലെഡ് എന്നിവയുടെ വ്യത്യസ്തമേഖലകളിലുള്ള അനുവദനീയ പരിധിയും പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ജലമലിനീകരണത്തിന് ഇത്തരത്തിൽ വ്യവസായമേഖല, പാർപ്പിടമേഖല എന്ന തരംതിരിവ് ഇല്ല. എന്നാൽ നദികളെ അവ ഉപയുക്തമാക്കുന്ന രീതി കണക്കിലെടുത്ത് ഓരോ ഉപയോഗത്തിനും ആകാവുന്ന മാലിന്യ ഘടകങ്ങളുടെ പരമാവധി അളവ് പരിസ്ഥിതി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതു കൂടാതെ മലിനജലം എത്തുന്ന ജലാശയം (inland surface water-നദി, കായൽ, marine coastal discharge-കടൽ) കണക്കിലെടുത്ത് മലിനജലത്തിലെ മാലിന്യഘടകങ്ങളുടെ വ്യത്യസ്തമായ അനുവദനീയ പരിധി പരിസ്ഥിതി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് കൂടാതെ ഫാക്ടറികളിൽ നിന്ന് സംസ്കരിക്കാത്ത മലിനജലം നേരിട്ട് പുറത്തേക്കൊഴുക്കുന്നത് തടയാൻ നിർഗ്ഗമന സ്ഥാനത്തിനുമുമ്പ് 4 മണിക്കൂറെങ്കിലും കെട്ടിനിർത്താനുള്ള സംവിധാനം (ഡിലേപോണ്ട്) നിർമ്മിക്കാൻ പെരിയാർ തീരത്തുള്ള വ്യവസായങ്ങൾക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്തെ നദികളിലെ ജലഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് ക്രമമായി നിരീക്ഷിച്ചുവരുന്നു.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) തദ്ദേശസ്വയംഭരണ വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 61788/ഡിസി1/2014/തസ്വഭവ. തീയതി 4-11-2014)

വ്യവസായശാലകളിൽ നിന്നുള്ള രാസ-ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങളും വ്യവസായശാലകളിൽ നിന്നും പുറത്തേക്കൊഴുകുന്ന സംസ്ക്കരിച്ച മലിനജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് നടപടി കൈക്കൊണ്ടിട്ടുണ്ട്. ജലമലിനീകരണത്തിന് വ്യവസായമേഖല, പാർപ്പിടമേഖല എന്ന തരംതിരിവ് ഇല്ല. നോയിസ് പൊല്യൂഷൻ (റെഗുലേഷൻ & കൺട്രോൾ) റൂൾസ്, 2000 പ്രകാരം വ്യവസായമേഖല, വാണിജ്യമേഖല, പാർപ്പിടമേഖല, നിശബ്ദമേഖല എന്നിവിടങ്ങളിൽ പകൽ, രാത്രി സമയങ്ങളിൽ ഉണ്ടാകാവുന്ന പരമാവധി ശബ്ദം നിഷ്കർഷിച്ചിട്ടുണ്ട്. അന്തരീക്ഷവായുവിലെ പൊടി, സൾഫർ ഡയോക്സൈഡ്, നൈട്രജൻ ഓക്സൈഡുകൾ, ലെഡ് എന്നിവയുടെ വ്യത്യസ്തമേഖലകളിലുള്ള അനുവദനീയപരിധിയും പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. നദികളെ അവ ഉപയുക്തമാക്കുന്ന രീതി കണക്കിലെടുത്ത് ഓരോ ഉപയോഗത്തിനും ആകാവുന്ന മാലിന്യ ഘടകങ്ങളുടെ പരമാവധി അളവ് പരിസ്ഥിതി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതുകൂടാതെ മലിനജലം എത്തുന്ന ജലാശയം (inland surface water-നദി, കായൽ, marine coastal discharge-കടൽ) കണക്കിലെടുത്ത് മലിനജലത്തിലെ മാലിന്യഘടകങ്ങളുടെ വ്യത്യസ്തമായ അനുവദനീയ പരിധി പരിസ്ഥിതി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. വ്യവസായങ്ങൾക്ക് പ്രവർത്തനാനുമതി നൽകുമ്പോൾ ശുദ്ധീകരിച്ച പാഴ്ജലം ഒഴുക്കുന്നത് കരയിലേക്കോ നദികളിലേക്കോ എന്നതനുസരിച്ചും പുറന്തള്ളുന്ന പാഴ്ജലത്തിലെ മാലിന്യഘടകങ്ങൾക്ക് പരിധി നിഷ്കർഷിക്കും. ഇവ പാലിക്കപ്പെടുന്നുണ്ടെന്ന് പരിശോധനകൾ വഴി ഉറപ്പുവരുത്തുന്നു. ഇതുകൂടാതെ ഫാക്ടറികളിൽ നിന്ന് സംസ്കരിക്കാത്ത മലിനജലം നേരിട്ട് പുറത്തേക്കൊഴുക്കുന്നത് തടയാൻ നിർഗ്ഗമന സ്ഥാനത്തിനു മുമ്പ് 4 മണിക്കൂറെങ്കിലും കെട്ടി നിർത്താനുള്ള സംവിധാനം (ഡിലേപോണ്ട്) നിർമ്മിക്കാൻ പെരിയാർ തീരത്തിലുള്ള വ്യവസായങ്ങൾക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്തെ നദികളിലെ ജലഗുണനിലവാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ക്രമമായി നിരീക്ഷിച്ചുവരുന്നു.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ഖണ്ഡിക 43-ലെ ശിപാർശ</u>

നഗരവത്കരണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ നഗരമാലിന്യങ്ങൾ സംസ്കരിക്കാനും ജലാശയങ്ങൾ മലിനപ്പെടാതിരിക്കാനും ഉള്ള പദ്ധതികൾ നഗരവികസന പരിപാടികളിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ3/12/ജവിവ. തീയതി 26-8-2014)

നദീതീരങ്ങളിൽ സ്ഥിതി ചെയ്യുന്ന നഗരങ്ങൾ, പട്ടണങ്ങൾ തുടങ്ങിയവകളിൽ നിന്ന് ഖരമാലിന്യങ്ങൾ, സ്വീവേജ് മുതലായവ നദികളിൽ എത്തിച്ചേരുന്നത് തടയാൻ ഖരമാലിന്യ സംഭരണ-സംസ്കരണ സംവിധാനവും ഏർപ്പെടുത്തേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. സ്വീവേജ് സിസ്റ്റം ഇല്ലാത്ത സ്ഥലങ്ങളിൽ ഓരോ കുടുംബത്തിലും സ്വീവേജ് സംസ്കരിക്കാൻ ശാസ്ത്രീയമായ septic tank soakpit system ഏർപ്പെടുത്തേണ്ടതാണ്. നഗരപ്രദേശങ്ങളിൽ സ്വീവേജ് സംഭരണ സംസ്കരണത്തിന്റെ (sewerage system) ചുമതല കേരള ജല അതോറിറ്റിക്കാണ്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ഖണ്ഡിക 44-ലെ ശിപാർശ</u>

നദികളിൽ തോട്ടപൊട്ടിച്ചും നഞ്ച് കലക്കിയും മീൻപിടിക്കുന്നത് നദികളിലെ ആവാസവ്യവസ്ഥയ്ക്ക് ദോഷകരവും ജലമലിനീകരണത്തിന് കാരണവുമാകുന്നു. ആയതിനാൽ ഇത്തരത്തിലുള്ള മീൻപിടുത്തം ഒഴിവാക്കുന്നതിന് ആവശ്യമായ പട്രോളിംഗ്, കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടി എന്നിവ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ആഭ്യന്തര വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 9361/ജി2/14/ആഭ്യന്തരം തീയതി 4-8-2015)

നദികളിൽ തോട്ടപൊട്ടിച്ചും നഞ്ച് കലക്കിയും മീൻ പിടിക്കുന്നവർക്കെതിരെ IPC 269, 278 വകുപ്പുകൾ പ്രകാരം ആഭ്യന്തര വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ കൂടി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും.

(5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ഖണ്ഡിക 45-ലെ ശിപാർശ</u>

നദീതീരങ്ങളിലും ചിലയിടങ്ങളിൽ നദികളിലേക്ക് ഇറക്കിയും വാഹനം കഴുകുന്നുണ്ട്. ഇതുമൂലം വാഹനങ്ങളിൽ നിന്നുള്ള ഓയിലും ഗ്രീസും നദീജലത്തിൽ കലർന്ന്

മലിനീകരണം സംഭവിക്കുന്നു. നദീതീരങ്ങളിൽ വച്ച് വാഹനം കഴുകുന്നതിനുള്ള നിരോധനം കർക്കശമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) തദ്ദേശസ്വയംഭരണ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 61788/ഡി.സി1/14/തസ്വഭവ. തീയതി 4-11-2014)

നദീതീരങ്ങളിലും നദിയിലും ജലാശയങ്ങളിലും വാഹനങ്ങൾ കഴുകുന്നതുമൂലമുള്ള മലിനീകരണം തടയുന്നതിന് പോലീസ് വകുപ്പിന്റെ ഇടപെടൽ ആവശ്യമായതിനാൽ ബഹു. സമിതിയുടെ ശിപാർശ പോലീസ് വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(ബി) ആഭ്യന്തര വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 9361/ജി2/14/ആഭ്യന്തരം തീയതി 4-8-2015)

നദീതീരങ്ങളിലും, നദികളിലേക്ക് ഇറക്കിയും വാഹനങ്ങൾ കഴുകി നദീജലം മലിനമാക്കുന്നവർക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടത് റവന്യൂ-തദ്ദേശസ്വയംഭരണ വകുപ്പുകളാണ്. ആരോഗ്യ ശുചിത്വം, പ്രകൃതി സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തിയും റസിഡൻഷ്യൽ അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവ ഇക്കാര്യത്തിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. ആഭ്യന്തര വകുപ്പ് ഈ വിഷയത്തിൽ ശക്തമായ പട്രോളിംഗ് നടത്തിയും നിയമലംഘകർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ്സുകൾ ചാർജ് ചെയ്തും നടപടികൾ എടുക്കുന്നുണ്ട്.

(5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ഖണ്ഡിക 46-ലെ ശിപാർശ

കേരളത്തിലെ നദികളിലേയും ജലാശയങ്ങളിലേയും മലിനീകരണത്തിന്റെ തോത് ഉൾപ്പെട്ടിട്ടുള്ള മാലിന്യങ്ങൾ, ജലത്തിൽ ഇവ ഉൾക്കൊള്ളാവുന്നതിന്റെ പരമാവധി അളവ് എന്നിവ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും അത്തരം മലിനീകരണംമൂലം ജലം ഉപയോഗിക്കുന്നവർക്കുണ്ടാകാനിടയുള്ള ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ കൂടി പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ2/12/ജവിവ. തീയതി 26-8-2014)

സംസ്ഥാനത്തെ നദികളിലെ ജലഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് ക്രമമായി പരിശോധിച്ച് ഓരോ വർഷവും ജലഗുണനിലവാര ഡയറക്ടറി പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു. ഈ പഠനഫലങ്ങൾ വിശകലനം ചെയ്ത് തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു. മലിനീകരണംമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ ആരോഗ്യ വകുപ്പിൽ നിന്നു ലഭിക്കും.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ഖണ്ഡിക 47-ലെ ശിപാർശ</u>

നമ്മുടെ സംസ്ഥാനത്ത് നിയമപ്രകാരമായും അല്ലാതെയും പ്രവർത്തിക്കുന്ന അറവുശാലകൾ, കോഴിഫാമുകൾ, സ്റ്റാളുകൾ, ചന്തകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ പുഴകളിലും തോടുകളിലും ഉപേക്ഷിക്കുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അനധികൃതമായും, മതിയായ മാലിന്യ സംസ്കരണ സൗകര്യങ്ങളില്ലാതെയും പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ആധുനിക രീതിയിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനങ്ങളോടെയുള്ള അറവുശാലകൾ കേന്ദ്രീകരിച്ചല്ലാതെ കശാപ്പ് നടത്താൻ അനുവദിക്കരുതെന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കോഴിഫാമുകൾക്കും/സ്റ്റാളുകൾക്കും മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തണമെന്നും അവശിഷ്ടങ്ങൾ ജലാശയങ്ങളിൽ തള്ളുന്ന കോഴിഫാം സ്റ്റാളുകൾക്കുള്ള അനുമതി റദ്ദാക്കണമെന്നും പൊതു ചന്തകളിൽ നിന്നുള്ള മാലിന്യം ജലാശയങ്ങളിൽ ഉപേക്ഷിക്കാതെ സംസ്കരിക്കുന്നതിനുള്ള അടിയന്തര നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അറവുശാലകളിൽ നിന്നും കോഴി സ്റ്റാളുകളിൽ നിന്നും ഉള്ള മാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും ജലസ്രോതസ്സുകൾ മലിനീകരിക്കുന്നത് തടയുന്നതിനുമുള്ള സമഗ്രവും ശക്തവുമായ നിയമത്തിന്റെ അഭാവം നിലവിലുണ്ടെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ ജലസ്രോതസ്സുകൾ മലിനീകരിക്കുന്ന കോഴിസ്റ്റാളുകൾ, അറവുശാലകൾ

എന്നിവയുടെ പ്രവർത്തനാനുമതി റദ്ദാക്കുന്നതോടൊപ്പം ഉടമസ്ഥരിൽനിന്നും പ്രസ്തുത മാലിന്യം നീക്കം ചെയ്ത് ജലസ്രോതസ്സ് ശുചിയാക്കുന്നതിന് ആവശ്യമായ തുക പിഴയായി ഈടാക്കാവുന്ന രീതിയിലുള്ള നിയമനിർമ്മാണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ3/12/ജവിവ. തീയതി 26-8-2014)

ജലാശയങ്ങളിലേക്ക് കോഴിഫാമുകളിൽ നിന്നും അറവുശാലകളിൽ നിന്നുമുള്ള മാലിന്യം നിക്ഷേപിക്കുന്നത് നിർത്തലാക്കാനും അങ്ങനെ ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാനും ജലസ്രോതസ്സുകൾ ശുചിയാക്കുന്നതിനാവശ്യമായ പിഴ ഈടാക്കുക, ഇതിനായി നിയമ ഭേദഗതി വരുത്തുക എന്നിവയിൽ നടപടിയെടുക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്. സംസ്ഥാനത്ത് പുതുതായി തുടങ്ങുന്ന മോഡേൺ അറവുശാലകൾക്ക് കർശനമായ നിബന്ധനകൾ ഏർപ്പെടുത്തണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപനാനുമതി നൽകുമ്പോൾ നിഷ്കർഷിക്കുകയും അവ നടപ്പിലാക്കിയാൽ മാത്രമേ പ്രവർത്തനാനുമതി നൽകുകയും ചെയ്യുന്നുള്ളൂ.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(ബി) ആഭ്യന്തര വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 9361/ജി2/14/ആഭ്യന്തരം തീയതി 4-8-2015)

കോഴിസ്റ്റാളുകൾ, അറവുശാലകൾ എന്നിവയ്ക്ക് പ്രവർത്തനാനുമതി നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ആയതിനാൽ ജലസ്രോതസ്സുകൾ മലിനമാക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനാനുമതി റദ്ദാക്കേണ്ടതും പിഴത്തുക ഈടാക്കേണ്ടതും, ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തേണ്ടതും പ്രസ്തുത സ്ഥാപനങ്ങളാണ്.

(5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(സി) തദ്ദേശസ്വയംഭരണ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 54554/ഡിബി2/09/തസ്വഭവ. തീയതി 24-10-2009)

അറവുശാലയുമായി ബന്ധപ്പെട്ട ശിപാർശയിന്മേൽ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു. അറവുശാലകളുടെയും ഇറച്ചി വിൽപ്പനശാലകളുടെയും നവീകരണം സംബന്ധിച്ചും ആധുനിക മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത്

സംബന്ധിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ട അടിയന്തര ദീർഘകാല നടപടികൾ വിശദീകരിച്ചു കൊണ്ട് 4279/ഡിബി2/09/തസ്വഭവ. നമ്പർ സർക്കുലർ 21-4-2009-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അനധികൃത അറവുശാലകൾ അടച്ചുപൂട്ടണമെന്നും അംഗീകൃത അറവുശാലകൾ സ്ഥാപിക്കുന്നതുവരെ ഇറച്ചി വിൽപ്പന അനുവദിക്കാൻ പാടില്ലെന്നും അറവുശാലകൾ ഇല്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മലിനീകരണ സംവിധാനങ്ങളോടുകൂടിയ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും 17-9-2009-ലെ 1173/ഡിബി2/09/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതുമൂലം ജലസ്രോതസ്സുകൾ മലിനപ്പെടുന്നത് തടയുന്നതിനും ചട്ടം ലംഘിക്കുന്നവർക്ക് പിഴ ചുമത്തുവാനും വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ഖണ്ഡിക 48-ലെ ശിപാർശ</u>

ശുദ്ധജല വിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസുകളുടെ സമീപത്തേക്ക് തുറന്നു വിട്ടിട്ടുള്ള ഓടകൾ, മലിനീകരണ നിർഗ്ഗമനമാർഗ്ഗങ്ങൾ എന്നിവ അടിയന്തരമായി മാറ്റി സ്ഥാപിക്കുകയും പ്രസ്തുത മലിനജലം ട്രീറ്റ് ചെയ്ത് വിടുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 910/ഐ.ആർ3/12/ജവിവ. തീയതി 26-8-2014)

പാലാ നഗരത്തിൽ നിന്നുള്ള മലിനജലം ഒഴുക്കുന്ന ഓടകൾ ഇപ്പോൾ പമ്പ് ഹൗസിനു സമീപം എതിർവശത്തുനിന്നും മീനച്ചിലാറ്റിലേക്കാണ് തുറന്നുവിട്ടിട്ടുള്ളത്. ഇതിനു പരിഹാരമായി പുതിയ വെൽ-കം-പമ്പ് ഹൗസ് ഇപ്പോൾ നിലവിലുള്ള സ്രോതസ്സിന്റെ ഏകദേശം ഒന്നര കിലോമീറ്റർ മുകളിലായി പരിപ്പിൽ കടവ് ഭാഗത്ത് പണിതീർക്കുകയും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലികൾ തീരുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതുമാണ്. ഉന്നത ജലസംഭരണിയോടുകൂടിയുള്ള പമ്പ് ഹൗസുകളിൽ ടാങ്ക് വൃത്തിയാക്കുന്നതുമൂലമുണ്ടായ മലിനജലം നിർമ്മാർജ്ജനത്തിനായി പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പരിസരമലിനീകരണം ഒഴിവാക്കിയിട്ടുണ്ട്. ഭൂപ്രകൃതി അനുസരിച്ച് വർഷക്കാലങ്ങളിലും മറ്റും ജലനിരപ്പ് അനിയന്ത്രിതമായി ഉയരുന്ന പ്രദേശങ്ങളിൽ

പമ്പ് ഹൗസുകളും പരിസരങ്ങളും മലിനപ്പെടാറുണ്ട്. പമ്പ് ഹൗസുകളും പരിസരങ്ങളും മണ്ണിട്ട് ഉയർത്തി ഇതു പരിഹരിക്കാവുന്നതാണ്. ടി പ്രവൃത്തി നടപ്പാക്കുന്നതിന് 2010-11 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(ബി) തദ്ദേശസ്വയംഭരണ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 61788/ഡി.സി1/14/തസ്വഭവ. തീയതി 4-11-2014)

ശുദ്ധജല വിതരണത്തിനുള്ള പമ്പ് ഹൗസുകളുടെ അടുത്തേക്ക് മലിനജലം ഒഴുക്കി വിടുന്നത് തടയാനുള്ള നടപടികളും പമ്പിംഗിനുള്ള പൈപ്പ് ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കണമെന്ന സാഹചര്യവും ബഹു. സമിതിയുടെ ശിപാർശ പ്രകാരം നടപടി കൈക്കൊള്ളുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ഖണ്ഡിക 49-ലെ ശിപാർശ

സംസ്ഥാനത്തെ ശുദ്ധജല വിതരണ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധിച്ച് അതിലടങ്ങിയിരിക്കുന്ന രാസ-ജൈവ മൂലകങ്ങളുടെ അളവും അവയുടെ അനുവദനീയമായ അളവും അനുവദനീയമായ അളവിൽ കൂടുതലായുള്ളവയുടെ തോത് കുറയ്ക്കാനായി സ്വീകരിച്ച നടപടി എന്നിവയുൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 8152/സി1/11/ജവിവ. തീയതി 19-5-2011)

വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സാമ്പിളുകൾ യഥാസമയങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുടെ ഗുണനിലവാര ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതുപ്രകാരം ശുദ്ധജല സ്രോതസ്സുകളിലും ജലവിതരണം നടത്തുന്ന പ്രദേശങ്ങളിലെ ശുദ്ധജലത്തിന്റെ സാമ്പിൾ പരിശോധനയിലും മലിനവസ്തുക്കളുടെ അളവ് കുടിവെള്ള നിലവാരത്തിനുള്ളിൽ തന്നെയാണ് കണ്ടുവരുന്നത്. ഫ്ലൂറൈഡിന്റെ അളവ് ക്രമാതീതമായ ആലപ്പുഴ മുനിസിപ്പൽ പ്രദേശത്ത് 15 ഓസ്മോസിസ് പ്ലാന്റുകളും സമീപ ഗ്രാമപ്രദേശത്ത് 3 ഓസ്മോസിസ് പ്ലാന്റുകളും സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്തിവരുന്നു.

മനുഷ്യന് ഹാനികരമാവുന്ന അളവിലുള്ള ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം പരിശോധനയിൽ കാണുമ്പോൾ ഇവയെ നശിപ്പിക്കുന്നതിനായി ഏറ്റവും കുറഞ്ഞ തോതിൽ 0.2 പി.പി.എം. ക്ലോറിൻ ഉണ്ടായിരിക്കത്തക്കരീതിയിൽ ക്ലോറിൻ ചേർത്ത് അണുനശീകരണം നടത്തിയാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ഖണ്ഡിക 50-ലെ ശിപാർശ</u>

സുരക്ഷിതമായ ശൗചാലയങ്ങൾ ഇന്നുമില്ലാത്ത നല്ലൊരു ശതമാനം വീടുകൾ കേരളത്തിലുണ്ടെന്നതിനാൽ ടോട്ടൽ സാനിട്ടേഷൻ ആന്റ് ഹെൽത്ത് മിഷന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽ നിന്നും കിട്ടാൻ സാദ്ധ്യതയുള്ള 75% ഗ്രാന്റ് ഉപയോഗപ്പെടുത്തി സുരക്ഷിതമായ ശൗചാലയങ്ങൾ നിർമ്മിച്ച് കൊടുക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 61788/ഡി.സി1/14/തസ്വഭവ. തീയതി 4-11-2014)

2011-ലെ സെൻസസ് കണക്കുകൾ പ്രകാരം സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ വീടുകളിൽ കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും (2.7 ലക്ഷം) ഗാർഹികം/പൊതു കക്കൂസ് സൗകര്യം ഒരുക്കുന്ന ആവശ്യത്തിലേക്ക് നിർമൽ ഭാരത് അഭിയാന്റെ നിലവിലുണ്ടായിരുന്ന പ്രോജക്ട് 2013-ൽ പുതുക്കി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. അതിൻപ്രകാരം 2013 ജൂലൈയിൽ കേന്ദ്രസർക്കാരിന് ശിപാർശ നൽകുകയും 2014-15 വർഷം മുതൽ വാർഷിക നിർവ്വഹണ പദ്ധതി തയ്യാറാക്കി പുതുക്കിയ ലക്ഷ്യം പ്രകാരം നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി നടപ്പിലാക്കിവരികയുമാണ്. 2016-17 സാമ്പത്തിക വർഷത്തോടെ ഗ്രാമപ്രദേശത്തെ എല്ലാ കുടുംബങ്ങൾക്കും ശുചിത്വ സൗകര്യം പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ഖണ്ഡിക 51-ലെ ശിപാർശ</u>

കായലുകളിലും തോടുകളിലും തൊണ്ട് അഴുക്കുന്നതുമൂലമുണ്ടാകുന്ന മലിനീകരണം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നമായി സമിതി കണക്കാക്കുന്നു. തൊണ്ട് അഴുക്കുന്നതിന് നിലവിലുള്ള മാർഗ്ഗങ്ങൾക്ക് ബദലായി നൂതന മാർഗ്ഗങ്ങൾ കണ്ടെത്തിയ സാഹചര്യത്തിൽ

കയർ ഫാക്ടറികൾ പ്രസ്തുത മാർഗ്ഗം അവലംബിച്ച് തൊണ്ട് അഴുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇതിനാവശ്യമായ സഹായം സർക്കാർ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വ്യവസായ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 25453/ഇ 2/09/വ്യവ. തീയതി 24-5-2011)

സംസ്ഥാനത്ത് ചിറയിൻകീഴ്, പറവൂർ, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ പരിമിതമായ അളവിൽ കുറച്ച് സ്ഥലങ്ങളിൽ മാത്രമാണ് പരമ്പരാഗത രീതിയിൽ കായൽ, കുളങ്ങൾ, മറ്റ് ജലാശയങ്ങൾ എന്നിവിടങ്ങളിൽ തൊണ്ട് അഴുക്കൽ നടക്കുന്നത്. സംസ്ഥാനത്ത് മറ്റ് സഹകരണ സംഘങ്ങൾ എല്ലാം നൂതന മാർഗ്ഗങ്ങൾ നടപ്പിൽവരുത്തി, ജലമലിനീകരണം ഇല്ലാതെ തൊണ്ടിൽ നിന്നും ചകിരി വേർപെടുത്തി എടുക്കുകയാണ്. ഇത്തരം നൂതന മാർഗ്ഗങ്ങൾ അവലംബിക്കാൻ സഹകരണ സംഘങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

തിരുവനന്തപുരം,
2015 ഡിസംബർ 15.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

75/16

അനുബന്ധം

## കേരള സർക്കാർ

## സംഗ്രഹം

**സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം— നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടും വിദഗ്ദ്ധ സമിതികളുടെ ശുപാർശകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

## പരിസ്ഥിതി (എ) വകുപ്പ്

**സ. ഉ. (അച്ചടി) നം. 16/14/പരിസ്ഥിതി.** തീയതി, തിരുവനന്തപുരം, 2014 ഡിസംബർ 12.

*സൂചന* :—(1) കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011) 17-7-2009-ൽ സമർപ്പിച്ച 6-ാമത് റിപ്പോർട്ട്.

(2) 31-12-2010-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി അയച്ച പി.സി.ബി./ടി.എ.സി./എൽ.സി./638/09/നമ്പർ കത്ത്.

(3) 28-6-2012, 29-10-2012 തീയതികളിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ അയച്ച DoECC/E3/2047/12 നമ്പർ കത്തുകൾ.

(4) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് 26-12-2012-ൽ നടത്തിയ ശില്പശാലയുടെ റിപ്പോർട്ട്.

(5) അന്താരാഷ്ട്ര ജല സഹകരണ വർഷാചരണം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി 14-3-2013-ൽ നടത്തിയ ചർച്ചയുടെ നടപടിക്കുറിപ്പ്.

(6) 6-12-2012-ൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി അയച്ച 2775/എ2/12/എച്ച്. ആർ. സി. നമ്പർ കത്ത്.

(7) 15-4-2013-ൽ കേരള പരിസ്ഥിതി ഐക്യവേദി സമർപ്പിച്ച നിവേദനം.

(8) അന്താരാഷ്ട്ര ജല സഹകരണവർഷം പ്രമാണിച്ച് രൂപീകരിച്ച സംസ്ഥാനതല സമിതിയുടെ 22-7-2013-ലെ ഒന്നാമത് യോഗത്തിന്റെ നടപടി റിപ്പോർട്ട്.

## ഉത്തരവ്

കേരളത്തിലെ നദികളെയും തടാകങ്ങളെയും മറ്റ് ജലസ്രോതസ്സുകളെയും ആധുനിക ജനസമൂഹം നിർദാക്ഷിണ്യം ചൂഷണം ചെയ്യുന്നതായും നദികളുടെയും ജലാശയങ്ങളുടെയും ശുചീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യാതൊരു കർമ്മപദ്ധതിയും കാര്യക്ഷമമായി നടപ്പാക്കാറില്ലെന്നും ഒന്നാമത് സൂചി

പ്പിച്ച റിപ്പോർട്ടിൽ കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി ചൂണ്ടിക്കാട്ടിയിരുന്നു. കൂടാതെ കേരളത്തിൽ ഒരു ജലസംസ്ക്കാരം ഉണ്ടാകാത്തതിനെപ്പറ്റിയും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. പുറമെനിന്നു നോക്കിയാൽ അസൂയാവഹമായ രീതിയിൽ ജലസമൃദ്ധമാണെങ്കിലും മഴവെള്ളം, ഉപരിതലജലം, ഭൂഗർഭജലം എന്നിവയ്ക്ക് കേരളത്തിലെ ആളോഹരി ലഭ്യത ഇന്ത്യയിലെ ആളോഹരി ലഭ്യതയെക്കാൾ തീരെ കുറവാണ് എന്ന വസ്തുത പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ളതാണ് എന്നും പ്രസ്തുത റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. കേരളത്തിലെ കുളങ്ങളും തോടുകളും നദികളും കായലുകളും കടലും എല്ലാം തന്നെ മനുഷ്യരുടെയും മൃഗങ്ങളുടെയും വിസർജ്ജ്യങ്ങൾ, ചപ്പുചവറുകൾ, വ്യവസായ ശാലകളിൽ നിന്നുള്ള ഖര-ദ്രവ മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ, പട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും ഡ്രെയിനേജ്, ഓടകളിലെ മലിനജലം, അറവുശാലകളിലെ അവശിഷ്ടങ്ങൾ എന്നിങ്ങനെ എല്ലാവിധ മാലിന്യങ്ങളും വലിച്ചെറിയാനുള്ള ഇടമായിട്ടാണ് ഇന്ന് മാറിയിരിക്കുന്നതെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു.

2. പ്രകൃതിവിഭവങ്ങളുടെയും, ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിനായി വിവിധ സ്ഥാപനങ്ങൾ/ ഏജൻസികൾ/ സെല്ലുകൾ എന്നിവ നിലവിലുണ്ടെങ്കിലും ഇവയുടെ ഏകോപിത പ്രവർത്തനങ്ങളുടെ അഭാവം ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിൽ വിഘാതമാകുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലനിൽപ്പിന് ആധാരവും സംസ്ഥാനത്തിന്റെ വിലമതിക്കാനാവാത്ത പ്രകൃതിവിഭവവുമായ ജലം, സംസ്ഥാനത്തിന് ലഭ്യമാക്കുന്ന അതുല്യമായ പരിസ്ഥിതി സേവനങ്ങളും സുസ്ഥിര സംരക്ഷണ നടപടികളും വഴി വരുംതലമുറകൾക്കും ലഭ്യമാക്കണമെന്നുള്ളതിനാലും ഈ രീതിയിലുള്ള മലിനീകരണവും ചൂഷണവും തുടർന്നാൽ ജീവജല ലഭ്യത ഇല്ലാതാകുന്ന വിപത്ത് ഒഴിവാക്കേണ്ടതുള്ളതിനാലും പരിസ്ഥിതി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തുടർന്ന് ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ശില്പശാലകളുടെയും, നിയമസഭാതലത്തിൽ നടന്നിട്ടുള്ള ചർച്ചകൾക്ക് സർക്കാർ ഭാഗത്ത് നിന്നുണ്ടായിട്ടുള്ള പ്രതികരണങ്ങളുടെയും, മുകളിൽ രണ്ടു മുതൽ എട്ടുവരെയായി സൂചിപ്പിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കുന്നതിനായി താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:

സംസ്ഥാനത്ത് ഏറ്റവും അടിയന്തിരശ്രദ്ധയും പരിഹാരനടപടിയും ആവശ്യമുള്ള പാരിസ്ഥിതിക പ്രതിസന്ധി എന്ന നിലയിൽ ജീവജലം സംരക്ഷിക്കുക എന്നത് പരമപ്രധാനമായ ഒരു സർക്കാർ നടപടിയായി നടപ്പാക്കേണ്ടിയിരിക്കുന്നു.

## 3. ജലമലിനീകരണം

*(1) ഗാർഹിക മാലിന്യങ്ങളും നഗരമാലിന്യങ്ങളും*

3.1.1. കക്കൂസ് മാലിന്യം, മറ്റ് ഖരമാലിന്യങ്ങൾ എന്നിവ നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നതും സ്ഥാപനങ്ങൾ, വാസസ്ഥലങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ മുതലായ ഇടങ്ങളിൽ നിന്ന് എത്തിച്ചേരുന്നതും ജലസ്രോ

തസ്സുകൾക്ക് സമീപമുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ. പമ്പിംഗ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ നിന്ന് തുറന്നുവിടുന്നതും അവയുടെ മലിനീകരണത്തിന് മുഖ്യ കാരണമാണ്. ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും ചവറോ മാലിന്യങ്ങളോ വിസർജ്യവസ്തുക്കളോ നിക്ഷേപിക്കുന്നത് ശിക്ഷാർഹവും ജാമ്യമില്ലാത്തതുമായ കുറ്റമായും ഇത്തരം കുറ്റങ്ങൾക്കുള്ള പിഴ പതിനായിരം രൂപ മുതൽ ഇരുപതിനായിരം രൂപ വരെയും ആറ് മാസം മുതൽ ഒരു വർഷം വരെ തടവുശിക്ഷ നൽകാനും, മാലിന്യമോ വിസർജ്യവസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കാനും കണ്ടുകെട്ടാനുമുള്ള നിയമഭേദഗതി മുനിസിപ്പാലിറ്റീസ് ആക്ടിലും, പഞ്ചായത്ത് രാജ് ആക്ടിലും വരുത്തി 07.10.2009-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതേ രീതിയിലുള്ള ജലമലിനീകരണം തടയുവാൻ നിയമാനുസൃത ബാധ്യതയുള്ള സ്ഥാപനങ്ങൾ തന്നെ ഇത്തരം മലിനീകരണങ്ങൾക്ക് കാരണമായാൽ - അതായത് ഖരമാലിന്യസംസ്കരണ ശാലകളും, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും, മറ്റ് മലിനീകരണ നിയന്ത്രണ സംവിധാനങ്ങളും ചട്ടവിരുദ്ധമായി പ്രവർത്തിപ്പിക്കുകയോ ചട്ട പ്രകാരം പ്രവർത്തിപ്പിക്കാതിരിക്കുകയോ ചെയ്യുന്നതിന് - പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കണമെന്ന് 11.10.2012 ലെ സ.ഉ.(സാധാ) നം.147/12/പരിസ്ഥിതി എന്ന ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉൾപ്പെടെയുള്ള നിയമാനുസൃത നിയന്ത്രണാധികാര സ്ഥാപനങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ള നിയമനടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കേണ്ടതാണ്. ജലാശയങ്ങൾ പ്രത്യേകിച്ച് കുടിവെള്ള സ്രോതസ്സുകളായവ യാതൊരുവിധത്തിലും മലിനപ്പെടുന്നില്ല എന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ മലിനീകരണ നിയന്ത്രണ ബോർഡ്, വാട്ടർ അതോറിറ്റി, ആരോഗ്യവകുപ്പ് എന്നിവ ഉറപ്പാക്കേണ്ടതാണ്. നദീതീരങ്ങളിൽ സ്ഥിതിചെയ്യുന്ന നഗരങ്ങളിൽ നിന്നും ഖരമാലിന്യങ്ങൾ, സ്വീവേജ് മുതലായവ നദികളിൽ മലിനീകരണം ഉണ്ടാക്കുന്നത് തടയാനുള്ള മാലിന്യസംഭരണ-സംസ്കരണ-നിർമ്മാർജ്ജന സംവിധാനങ്ങൾ അതാതു നഗരസഭകൾ നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.

3.1.2. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവ നിയമാനുസൃത അനുമതികളും ലൈസൻസുകളും നൽകുന്ന വേളകളിൽ അതാതു സ്ഥാപനങ്ങൾ, ഹൗസ് ബോട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ മുതലായവ മലിനീകരണ നിയന്ത്രണ ഉപാധികളെല്ലാം സ്ഥാപിച്ച് ചട്ടപ്രകാരം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3.1.3. കമ്പോളങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ, അറവുശാലകൾ, കോഴിഫാമുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും അതാതിനു ബാധകമായ ചട്ടങ്ങൾ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം പ്രത്യേക സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉണ്ടാക്കേണ്ടതും നിയമാനുസൃതമായി പ്രവർത്തിക്കുന്നു എന്നും അതുമൂലം ജല സ്രോതസ്സുകൾ യാതൊരുവിധത്തിലും മലിനപ്പെടുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്. വിരുദ്ധമായി പ്രവർത്തിക്കുന്നവയ്ക്കുള്ള അനുമതി റദ്ദാക്കി പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണ്.

3.1.4. ജലസ്രോതസ്സുകളുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതാതിടങ്ങളിൽ ഖര, ദ്രവ മാലിന്യ നിർമ്മാർജനത്തിനായി ശുചിത്വമിഷൻ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ബന്ധപ്പെട്ട പദ്ധതികളിൽ നിന്നും ലഭ്യമാകുന്ന ധനസഹായം എന്നിവ ഉപയോഗപ്പെടുത്തി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

3.1.5. നഗരമാലിന്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നഗരമാലിന്യങ്ങൾ സംസ്കരിക്കാനും ജലാശയങ്ങൾ മലിനപ്പെടാതിരിക്കാനും ഉള്ള പദ്ധതികൾ നഗരവികസന പരിപാടികളിൽ ഉൾപ്പെടുത്തി മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്.

3.1.6. ജലാശയങ്ങളിലേക്ക് നിർഗമനമാർഗമുള്ള കക്കൂസുകൾ, നദികളിലും കായലുകളിലും നേരിട്ട് എത്തിച്ചേരുന്ന അഴുക്കുചാൽ, മാലിന്യം വഹിക്കുന്ന ഓടകൾ, മറ്റ് മാലിന്യ സ്രോതസ്സുകൾ എന്നിവ ശുദ്ധജല വിതരണത്തിനുള്ള പമ്പ് ഹൗസുകൾക്ക് തൊട്ടടുത്ത് നേരിട്ട് എത്തിച്ചേരുന്നത് പൂർണമായി തടയുകയും മറ്റിടങ്ങളിൽ മാലിന്യങ്ങൾ ഒഴിവാക്കി അനുവദനീയ ഗുണനിലവാരം പുലർത്തുന്ന ജലം മാത്രം ജലാശയങ്ങളിൽ തുറന്നുവിടുന്നുള്ളൂ എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. പരിശോധനാഫലങ്ങളുടെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കേരള ജല അതോറിറ്റിയും ഇക്കാര്യത്തിൽ നിയമാനുസൃത മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്. മാലിന്യങ്ങൾ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന രീതി സാധാരണായിരിക്കുന്നതിനാലും അക്കാര്യത്തിൽ നിയമനടപടി സ്വീകരിക്കാൻ ബാധ്യസ്ഥമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾപോലും ഇത്തരം മലിനീകരണത്തിന് നേരിട്ട് ഉത്തരവാദികളാകുന്ന സാഹചര്യം നിലവിലുള്ളതിനാലും യാതൊരുവിധ മാലിന്യങ്ങളും - പ്രത്യേകിച്ച് അറവുശാലകൾ, കോഴിഫാമുകൾ, പന്നി വളർത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവ - ജലാശയങ്ങളിൽ, പ്രത്യേകിച്ചും പുഴകളിൽ, യാതൊരു കാരണവശാലും എത്തുന്നില്ല എന്ന് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ, പോലീസ്, ആരോഗ്യ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവ ഉറപ്പാക്കേണ്ടതാണ്. നദികളും മറ്റും ഈ വിധം മലിനപ്പെടുന്ന സംഭവങ്ങളിൽ 11.10.2012-ലെ സ.ഉ.(സാധാ.) നം. 147/12/പരിസ്ഥിതി നമ്പർ സർക്കാർ ഉത്തരവ് വിട്ടുവീഴ്ച കൂടാതെ നടപ്പാക്കേണ്ടതാണ്.

3.1.7. തീർത്ഥാടന കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന മലിനീകരണം തടയുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും മലിനീകരണ നിയന്ത്രണബോർഡിന്റെ നിർദ്ദേശങ്ങളും ബന്ധപ്പെട്ട അധികാരികൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്.

3.1.8. ആശുപത്രി മാലിന്യങ്ങൾ (Bio Medical Wastes) ഏറ്റവും അപകടകരമായ ചുവപ്പ് വിഭാഗത്തിൽ ഉൾപ്പെടുന്നു. ആകയാൽ ആശുപത്രി മാലിന്യ സംസ്കരണത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും, പ്രത്യേകിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അതീവ ജാഗ്രത പുലർത്തണമെന്നും പൊതുജനാരോഗ്യത്തിന് ഭീഷണിയായ ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ വിട്ടുവീഴ്ചയില്ലാതെ സ്വീകരിക്കണമെന്നും പ്രവർത്തനാനുമതി നേടിയിട്ടുള്ള ആശുപത്രികളിൽ മലിനീകരണ നിയന്ത്രണ നടപടികൾ നിയ

മാനുസൃതം നടക്കുന്നുമെന്ന് ഉറപ്പാക്കേണ്ടതാണെന്നുമുള്ള 09.01.2012-ലെ സ.ഉ. (സാധാ) നം. 6/12/പരിസ്ഥിതി നമ്പർ സർക്കാർ ഉത്തരവ് കർശനമായി നടപ്പാക്കേണ്ടതാണ്. കൂടാതെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2008-11) ഈ വിഷയത്തിൽ തയ്യാറാക്കിയ വിശദമായ റിപ്പോർട്ട് അധികരിച്ച് പുറപ്പെടുവിച്ചിട്ടുള്ള 13.03.2012 ലെ ജി.ഒ. (എം.എസ്.) നം. 4/12/പരിസ്ഥിതി. നമ്പർ സർക്കാർ ഉത്തരവും ഫലപ്രദമായി നടപ്പാക്കേണ്ടതാണ്.

3.1.9. ആശുപത്രികളിൽ നിന്നുള്ള സംസ്കരിച്ച മലിനജലം (Bio Medical Wastes ഒഴികെയുള്ളത്) 50 കിടക്കകളിൽ കുറവുള്ള ആശുപത്രികളിൽ സെപ്റ്റിക് ടാങ്ക് സോക്പിറ്റ് മുഖേനയും, 50 കിടക്കകളും അതിൽ കൂടുതലും ഉള്ളവയിൽ ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലും സംസ്കരിക്കേണ്ടതാണ്. ആശുപത്രികളിൽ നിന്നുള്ള സംസ്കരിച്ച മലിനജലം പൊതു ഓടകളിലേക്ക് ഒഴുക്കിവിടാവുന്നതല്ല.

3.1.10. നഗരമാലിന്യങ്ങളുടെ കാര്യത്തിൽ, മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ ബാധ്യസ്ഥമായ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച് മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും മാതൃകയാകുന്നില്ല എന്നു കാണുന്നുണ്ട്. ജലാശയങ്ങളുടെ മേൽനോട്ടത്തിന് ഉത്തരവാദിത്വമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, കേരള ജല അതോറിറ്റിയും തങ്ങളുടെ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളിൽ നിന്നോ മാലിന്യം വേണ്ടവിധം സംസ്കരിക്കാതെ ജലാശയങ്ങളിൽ ഉപേക്ഷിക്കുന്നതുമൂലമോ മറ്റുവിധത്തിൽ ജലാശയങ്ങളിൽ എത്തിച്ചേരാൻ ഇടയാകുന്നതുമൂലമോ ഏതെങ്കിലും ജലാശയങ്ങളിൽ മലിനീകരണം ഉണ്ടാക്കാനിടയാക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം മലിനീകരണം ഉണ്ടാക്കുന്നത് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ മതിയായ കുറ്റമാകുന്നതാണ്. ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾ, ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി.) ദേശീയ ഹരിതസേന (NGC-സ്കൂളുകൾ), ഭൂമിത്രസേന (കോളേജ്, ഹയർ സെക്കന്ററി), പരിസ്ഥിതി സംഘടനകൾ, സന്നദ്ധ സംഘടനകൾ മുതലായവയോട് സഹകരിച്ച് അതാതിടങ്ങളിലെ ജലസ്രോതസ്സുകളുടെ സ്ഥിതി സംബന്ധിച്ച വിവരശേഖരണം നടത്തുകയും, മലിനപ്പെട്ടവയും നാശോന്മുഖവുമായവയും ഈ ഉത്തരവിൻ പ്രകാരം പുനരുജ്ജീവിപ്പിക്കാനും മനുഷ്യർക്കും പരിസ്ഥിതിക്കും പ്രയോജനപ്പെടുംവിധം കഴിയുന്നത്ര സ്വാഭാവിക സ്ഥിതിയിൽ സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്.

### *(2) വ്യാവസായിക മാലിന്യങ്ങൾ*

3.2.1. ഫാക്ടറികളിൽ നിന്നുള്ള മലിനജലവും മാലിന്യങ്ങളും ജലാശയങ്ങളിലേക്ക് തുറന്നുവിടാതെ ശുദ്ധീകരിച്ച് ഫാക്ടറി ആവശ്യങ്ങൾക്കായി കഴിയുന്നത്ര വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണം. ഇത്തരം മാലിന്യങ്ങളുടെ കാര്യത്തിൽ Reduce, Reuse, Recycle തത്വം പൂർണമായി നടപ്പാക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്. അധികം വരുന്ന പാഴ്ജലം മലിനീകരണ നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നെങ്കിൽ മാത്രമേ പുറത്തേക്ക്

തുറന്നുവിടാൻ - പ്രത്യേകിച്ച് നദികളിലേക്ക് - അനുവാദം നൽകുവാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഫാക്ടറികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. വ്യവസായ സ്ഥാപനങ്ങൾ നദീതീരങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിൽ മലിനജലത്തിന്റെ അളവും രാസഘടനയും മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥിരമായി പരിശോധനാവിധേയമാക്കേണ്ടതും പ്രസ്തുത പരിശോധനാഫലം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

3.2.2. ഫാക്ടറികളിൽ നിന്ന് സംസ്കരിക്കാത്ത മലിനജലം പറുത്തേക്ക് വിടുന്നതു തടയാനായി നിർഗമനസ്ഥാനത്തിനു മുമ്പ് നാലു മണിക്കൂറെങ്കിലും പുറത്തേക്കൊഴുക്കാൻ സജ്ജമാക്കിയ ജലം കെട്ടിനിർത്താനുള്ള സംവിധാനം (ഡിലേ പോണ്ട്) അത്തരം എല്ലാ സ്ഥാപനങ്ങളും നിർമ്മിക്കേണ്ടതും അത് മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പാക്കേണ്ടതുമാണ്.

3.2.3. മലിനീകരണം പരമാവധി കുറയ്ക്കുന്ന പുത്തൻ സാങ്കേതികവിദ്യകൾ വ്യവസായങ്ങളിൽ ഉപയോഗപ്പെടുത്തുന്നുവെന്ന് സ്ഥാപനാനുമതി നൽകുന്ന വേളയിൽതന്നെ മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പാക്കേണ്ടതാണ്.

3.2.4. എല്ലാ ഫാക്ടറികളുടെയും മലിനജല നിർഗമനക്കുഴലുകൾ ഫാക്ടറിയിൽ കയറാതെ ആവശ്യമുള്ളപ്പോൾ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതും ട്രീറ്റ് ചെയ്യാത്ത അവശിഷ്ടങ്ങൾ നദികളിലേക്ക് ഒഴുകുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥിരം സംവിധാനം ഉണ്ടാക്കേണ്ടതുമാണ്.

3.2.5. കായലുകളിലും തോടുകളിലും തൊണ്ട് അഴുക്കുന്നതിന് നിലവിലുള്ള പരമ്പരാഗത രീതികൾ ജല മലിനീകരണം ഉണ്ടാക്കുന്നതാകയാൽ അതിനായി വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന മാർഗങ്ങൾ അവലംബിച്ച് തൊണ്ട് അഴുക്കുന്നതിനുള്ള നടപടികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

3.2.6. അപകടകാരികളായ മാലിന്യങ്ങൾ സംസ്ക്കരിക്കാൻ ചട്ടപ്രകാരമുള്ള സ്വന്തം സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടില്ലാത്ത വ്യവസായ സ്ഥാപനങ്ങളും അത്തരം മാലിന്യങ്ങൾ സൃഷ്ടിക്കുന്ന അന്യസ്ഥാപനങ്ങളും അതത് ഇടങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന അപകടകാരികളായ മാലിന്യങ്ങൾ പൊതു ട്രീറ്റ്മെന്റ് സ്റ്റോറേജ് ആന്റ് ഡിസ്പോസൽ ഫസിലിറ്റിയിൽ (കൊച്ചി, അമ്പലമേട്ടിൽ) എത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തവയ്ക്കെതിരായി നിയമനടപടി സ്വീകരിക്കേണ്ടതുമാണ്.

3.2.7. രാസ അപകടങ്ങൾ (Chemical Accidents) ഉണ്ടാകാൻ സാധ്യതയുള്ളതും രാസ വ്യവസായ ശാലകളിൽ 1996-ലെ കെമിക്കൽ ആക്സിഡന്റ്സ് എമർജൻസി പ്ലാനിംഗ് പ്രിപ്പേഡ്നെസ് ആന്റ് റസ്പോൺസ് ചട്ടങ്ങൾ പ്രകാരമുള്ള ലോക്കൽ ലെവൽ ക്രൈസിസ് ഗ്രൂപ്പ് പ്രവർത്തനക്ഷമമാണെന്നും അപകടകരമായ രാസവസ്തുക്കൾ കൊണ്ടുണ്ടാകാവുന്ന അത്യാഹിതങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഓൺസൈറ്റ്, ഓഫ്സൈറ്റ് എമർജൻസി പ്ലാനുകൾ തയ്യാറാണെന്നും അത്തരം അപകടങ്ങളോ രാസവസ്തുക്കളോമൂലം ജലസ്രോതസ്സുകൾക്കും തദ്വാര മനുഷ്യർക്കും ജീവജാലങ്ങൾക്കും അപകടം ഉണ്ടാകുന്നില്ല എന്നും എല്ലായ്പോഴും ഉറപ്പാക്കാൻ

മലിനീകരണ നിയന്ത്രണ ബോർഡ് ശ്രദ്ധിക്കേണ്ടതാണ്.

**3.2.8.** സങ്കീർണമായ രാസമാലിന്യങ്ങൾ പരിശോധിച്ചറിയുന്നതിനും അളവ് തിട്ടപ്പെടുത്തുന്നതിനുമുള്ള അത്യാധുനിക ഉപകരണങ്ങളോടുകൂടിയ ലബോറട്ടറികൾ മലിനീകരണ നിയന്ത്രണ ബോർഡിൽ ഉണ്ടായിരിക്കേതാണ്.

**3.2.9.** അഴുക്കുചാലുകളിലും മഴവെള്ള നിർഗമനത്തിനുള്ള ഓടകളിലും വ്യവസായിക മാലിന്യങ്ങൾ തുറന്നുവിടുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മലിനീകരണ നിയന്ത്രണ ബോർഡും തടയേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് നൽകുന്ന അനുമതികളിലും ലൈസൻസുകളിലും ഈ വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതും ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

**3.2.10.** സ്വന്തമായി മാലിന്യ നിർമ്മാർജന സംവിധാനം ഇല്ലാത്തതോ പൊതു മാലിന്യ നിർമാർജന കേന്ദ്രങ്ങളിൽ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സൗകര്യം ഉണ്ടാക്കിയിട്ടില്ലാത്തതോ ആയ ഹൗസ്ബോട്ടുകൾക്ക് ജലാശയങ്ങളിൽ സവാരി നടത്താൻ അനുമതി നൽകരുത്. മാലിന്യങ്ങൾ ശേഖരിക്കാൻ ഹൗസ്ബോട്ടുകളിൽ സൗകര്യം ഇല്ലാത്തതും മേൽപ്പറഞ്ഞ രീതിയിൽ സംസ്ക്കരിക്കാൻ സൗകര്യം ഉണ്ടാക്കിയിട്ടില്ലാത്തതുമായ എല്ലാ ഹൗസ്ബോട്ടുകളും നിശ്ചിതകാലയളവിനുള്ളിൽ അതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കാത്തപക്ഷം അവയ്ക്ക് നൽകിയിരിക്കുന്ന ലൈസൻസ് റദ്ദാക്കാൻ ബന്ധപ്പെട്ട അധികാരി നടപടി സ്വീകരിക്കേണ്ടതാണ്.

**3.2.11.** വൻ രാസമലിനീകരണ സാധ്യതയുള്ള വ്യവസായശാലകളിലും മറ്റ് സ്ഥാപനങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡ് പ്രത്യേക പരിശോധനാസംവിധാനം ഏർപ്പെടുത്തേണ്ടതാണ്. തൽസമയ രാസപരിശോധന നടത്തി ഫലം പ്രദർശിപ്പിക്കുന്ന സംവിധാനം അത്തരം വ്യവസായങ്ങളുടെ കൂടി സഹകരണത്തോടെ ഏർപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. വ്യവസായ മലിനീകരണം സംബന്ധിച്ച് വെബ് അധിഷ്ഠിതമായി പൊതുജനങ്ങൾക്ക് നേരിട്ട് മലിനീകരണ സ്ഥിതി ലഭ്യമാക്കുന്ന വിപുലമായ സംവിധാനം മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പാക്കേണ്ടതാണ്.

**3.2.12.** വ്യവസായശാലകളിൽ മാലിന്യ സംസ്ക്കരണപ്ലാന്റുകൾ യഥാവിധി സ്ഥാപിക്കപ്പെട്ടിരുന്നാലും ചട്ടപ്രകാരം പ്രവർത്തിപ്പിക്കാതിരിക്കുക, രാത്രികാലങ്ങളിൽ പ്രവർത്തിപ്പിക്കാതിരിക്കുക മുതലായ നടപടികൾ യാതൊരു കാരണവശാലും അനുവദിക്കാവുന്നതല്ല. ഇത്തരം സംവിധാനങ്ങൾ ഇല്ലാതെ പ്രവർത്തനാനുമതി നൽകരുത് എന്നതുപോലെ തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇവയ്ക്ക് പ്രത്യേക എനർജി മീറ്റർ, ക്രമമായ പരിശോധന എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

**3.2.13.** മലിനീകരണ നിയന്ത്രണ ബോർഡ്, ഗവേഷണ സ്ഥാപനങ്ങൾ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവ നടത്തുന്ന നദി മലിനീകരണ പഠനങ്ങളിൽ അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജലസ്രോതസ്സുകളുടെ അതിർത്തികൾക്കുള്ളിലെ ജലഗുണനിലവാരം, മലിനപ്പെട്ടിട്ടുള്ളവയിൽ അതിനുള്ള കാരണങ്ങൾ, പ്രതിവിധി എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കേതാണ്. നേരിട്ട് നടപടി എടുക്കേണ്ട കാര്യങ്ങളിൽ അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടിയെടുക്കുകയും മറ്റുള്ളവയിൽ നടപടി സ്വീകരിക്കേണ്ട സ്ഥാപ

നങ്ങളെയോ സർക്കാർ വകുപ്പുകളെയോ അറിയിക്കേണ്ടതും അത്തരം അറിയിപ്പുകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡ് നേരിട്ട് നടപടി സ്വീകരിക്കേണ്ട സാഹചര്യത്തിൽ നിയമാനുസൃത നടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കേണ്ടതും അക്കാര്യംകൂടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അയക്കുന്ന റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

3.2.14. സാധ്യമായ ഉപയോഗം അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളിലും ജലഗുണനിലവാര നിർണയം മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ തയ്യാറാക്കണം. നിർദ്ദിഷ്ട ഉപയോഗത്തിന് നിശ്ചയിച്ചിരിക്കുന്നതിലധികം ഗുണനിലവാരം ആവശ്യമായ ജലസ്രോതസ്സുകളിൽ അതതു മാനദണ്ഡം പാലിക്കുന്നതിനാവശ്യമായ പരിപാലന സംവിധാനങ്ങൾ ഏർപ്പെടുത്തി നിശ്ചിത ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ആസൂത്രണങ്ങളും പദ്ധതികളും നടപ്പാക്കേണ്ടതാണ്.

3.2.15. സാധാരണ ജലഗുണനിലവാര പരിശോധനയിൽ രാസ/ഭൗതിക പരിധികളാണ് മുഖ്യമായും പരിശോധിക്കുന്നത്. ജൈവഗുണനിലവാരം നിർണയിക്കുന്നത് കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം, അളവ് എന്നിവ അടിസ്ഥാനപ്പെടുത്തിയാണ്. സൂചിക ബാക്ടീരിയ (Indicator Bacteria) എന്ന നിലയിലാണ് കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം പരിശോധിക്കുന്നത്. കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ഒരു പക്ഷേ രോഗാണു ബാക്ടീരിയയുടെ സാന്നിദ്ധ്യമാകാൻ ഇടയുണ്ട്. എന്നാൽ കുളിക്കുന്ന വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് 500 MPN/500ml വരെ ആകാം. കുടിവെള്ള സാമ്പിളുകളിലെയും, ആശുപത്രികളിൽ നിന്നു പുറന്തള്ളുന്ന ദ്രവമാലിന്യങ്ങളിലെയും സ്വീവേജ് പമ്പ്ഹൗസുകളിൽ നിന്ന് സംസ്കരിച്ച ശേഷം പുറത്തുവിടുന്ന ജലസാമ്പിളുകളിലെയും രോഗാണു സാന്നിദ്ധ്യവും ക്ലിപ്ത സമയങ്ങളിൽ മലിനീകരണ നിയന്ത്രണബോർഡ് അത്തരം പരിശോധനകൾ നടത്താൻ സംവിധാനമുള്ള പരിശോധന ശാലകളിൽ നടത്തി ഗുണനിലവാര നിർണയം നടത്തേണ്ടതും മറ്റ് പരിശോധനാഫലങ്ങളോടൊപ്പം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

*(3) കാർഷിക മാലിന്യങ്ങൾ*

3.3.1. നദികളുടെ ഉൽഭവ പ്രദേശങ്ങളിലുള്ള തോട്ടങ്ങളിൽ അനിയന്ത്രിതമായി പ്രയോഗിക്കുന്ന വീര്യം കൂടിയ കീടനാശിനികൾ, കളനാശിനികൾ, വിളവ് കൂട്ടുന്നതിനും സംരക്ഷിക്കുന്നതിനും ഉള്ള മറ്റ് രാസവസ്തുക്കൾ എന്നിവ നദികളുടെ തുടക്കം മുതൽ ജലം പൊതുജനാരോഗ്യത്തിന് ഭീഷണിയാവും വിധം മലിനപ്പെടുത്തുന്നു. ഇത്തരം രാസവസ്തുക്കൾ ആവശ്യാനുസരണം മാത്രം ഉപയോഗിക്കുന്നു എന്നും നദികളെ യാതൊരുതരത്തിലും മലിനപ്പെടുത്തുകയോ പൊതുജനാരോഗ്യത്തിന് ഭീഷണി ഉണ്ടാക്കുകയോ ചെയ്യുന്നില്ലെന്നും കൃഷിവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

3.3.2. കൃഷിസ്ഥലങ്ങളിൽ പ്രത്യേകിച്ച് പാടശേഖരങ്ങളിൽ അമിതമായി പ്രയോഗിക്കുന്ന രാസവളങ്ങളും വിഷങ്ങളും ജലാശയങ്ങളിലേക്ക് ഒഴുകിയിറങ്ങി അവയെ അപകടമാംവിധം മലിനപ്പെടുത്തുകയും ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണി

യാവുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി രാസവളങ്ങളും വിഷങ്ങളും വിദഗ്ധ മേൽനോട്ടത്തിൽ ക്രമപ്രകാരം മാത്രം ഉപയോഗിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കേണ്ടതും ഇവ ജലാശയങ്ങളെ അപകടപ്പെടുത്തുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

3.3.3. ജലാശയങ്ങൾക്ക് തൊട്ടടുത്ത പാടശേഖരങ്ങളിലും കൃഷിസ്ഥലങ്ങളിലും ജൈവകൃഷി നിർബന്ധമാക്കുന്ന കാര്യം പരിഗണിക്കേണ്ടതും അതിന് ലഭ്യമായ സാമ്പത്തിക സഹായം നൽകേണ്ടതുമാണ്.

3.3.4. ജൈവകൃഷി പ്രോത്സാഹിപ്പിക്കേണ്ടതും അതിനാവശ്യമായ ഗുണമേന്മയുള്ള ജൈവവളം, ജൈവകീടനാശിനി ആവശ്യാനുസരണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

3.3.5. രാസവളപ്രയോഗത്തിന് മുമ്പ് മണ്ണ് പരിശോധിച്ച് ആവശ്യമായ രാസവളങ്ങൾ നിർണയിക്കേണ്ടതും ആവശ്യമായ അളവിൽ മാത്രം പ്രയോഗിക്കേണ്ടതുമാണ്. അവയുടെ ദുരുപയോഗം മൂലമുള്ള ഭവിഷ്യത്തുകൾ കർഷകരെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

3.3.6. ജൈവമാലിന്യങ്ങൾ ഉപയോഗപ്പെടുത്തി ബയോഗ്യാസ് ഉണ്ടാക്കുന്നതിനൊപ്പം അവശേഷിക്കുന്ന സ്ലറി ജൈവവളമാക്കി കൃഷിക്ക് ഉപയോഗിക്കാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

3.3.7. നിരോധിക്കപ്പെട്ട രാസവിഷങ്ങൾ കൃഷിക്ക് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതും രാസവസ്തുക്കളുടെ അനുവദനീയമായതിൽ അധികമായ സാന്നിദ്ധ്യം അത് കണ്ടുപിടിക്കുന്ന അധികൃതർ ഉടനടി ബന്ധപ്പെട്ടവരെ അറിയിച്ച് പ്രതിവിധി നടപ്പാക്കേണ്ടതുമാണ്.

### *(4) ജല ജൈവവൈവിധ്യ സംരക്ഷണം*

4.1. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ പ്രകാരമുള്ള തദ്ദേശീയ ജല ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും ത്രിതലപഞ്ചായത്ത് സംവിധാനവും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

4.2. ജൈവവൈവിധ്യ സമ്പുഷ്ടമായ ആവാസ വ്യവസ്ഥയുള്ള ജലാശയങ്ങളോ അവയുടെ പ്രദേശങ്ങളോ കണ്ടെത്തി സുസ്ഥിര രീതിയിൽ സംരക്ഷിക്കുന്നതിനായി ഇത്തരം സ്ഥലങ്ങൾ ജലജൈവവൈവിധ്യ സ്ഥാനങ്ങളായോ റിസർവുകളായോ സംരക്ഷിക്കേണ്ടതാണ്.

4.3. സംസ്ഥാനത്തെ മത്സ്യ ഇനങ്ങളിൽ അപൂർവം, അപകടാവസ്ഥയിൽ ഉള്ളവ, നിലനിൽപ്പിന് ഭീഷണി ഉള്ളവ (Rare, Endangered, Threatened) എന്നിവയെ വംശനാശം വരാതെ സംരക്ഷിക്കാനുള്ള പദ്ധതികൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡും, ഫിഷറീസ് വകുപ്പും, ഫിഷറീസ് സർവകലാശാലയും യോജിച്ച് ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

4.4. പ്രത്യേക സംരക്ഷണം ആവശ്യമുള്ള ജലസ്രോതസ്സുകൾ കമ്മ്യൂണിറ്റി റിസർവുകളായി നിലനിർത്തി സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

4.5. കടന്നുകയറ്റക്കാരായ അന്യജീവിവർഗങ്ങളെ (Invasive Alien Species) ഉന്മൂലനം ചെയ്യുന്നതിന് ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് ദേശീയ തൊഴിലുറപ്പുപദ്ധതി പോലുള്ള സംരഭങ്ങൾ പ്രയോജനപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്. ഇക്കാര്യത്തിൽ അതാത് ജൈവവൈവിധ്യ കമ്മിറ്റികൾ പഞ്ചായത്തുകൾക്ക് മാർഗനിർദേശം നൽകേണ്ടതാണ്.

4.6. ജലാശയങ്ങളുമായി ബന്ധപ്പെട്ട പാരമ്പര്യ നാട്ടറിവുകൾ ക്രോഡീകരിക്കുകയും അവ ഗവേഷണ വിധേയമാക്കുകയും ചെയ്യാവുന്നതാണ്.

4.7. മത്സ്യങ്ങളുടെ പ്രജനനപ്രതിഭാസമായ ഊത്തയ്ക്ക് വിഘാതം സംഭവിക്കുന്ന രീതിയിൽ അവ ദേശാടനം (migration) നടത്തിയിരുന്ന പാരമ്പര്യ ജലമാർഗങ്ങൾ അടയ്ക്കുക, പാടങ്ങളും, ചാലുകളും, അരുവികളും, മറ്റ് ജലമാർഗങ്ങളും വഴി പുഴകളിൽ നിന്നുള്ള മത്സ്യങ്ങൾ മുട്ടയിടുന്ന ഇടങ്ങളിൽ എത്തുന്നതിന് തടസ്സം ഉണ്ടാക്കുക, മത്സ്യങ്ങൾക്ക് വംശനാശം ഉണ്ടാക്കുന്ന വിധത്തിലുള്ള മത്സ്യബന്ധനം നടത്തുക എന്നിവ കർശനമായി തടയേണ്ടതാണ്. ഇക്കാര്യത്തിൽ അതാത് ജൈവവൈവിധ്യ മാനേജ്മെന്റ് സമിതികൾ നേരിട്ട് ഇടപെട്ട് പരമ്പരാഗത മത്സ്യപ്രജനന മാർഗങ്ങൾ തടസ്സപ്പെടുത്തുന്നില്ലെന്നും അമിത മത്സ്യബന്ധനം നടക്കുന്നില്ലെന്നും ഉറപ്പാക്കേണ്ടതാണ്.

4.8. ജലാശയങ്ങളിൽ തോട്ട പൊട്ടിക്കുക, നഞ്ചുകലക്കുക, വിഷമുള്ള രാസവസ്തുക്കൾ പ്രയോഗിക്കുക, വൈദ്യുതി പ്രവഹിപ്പിച്ചും ചെറു മത്സ്യങ്ങളെപ്പോലും അകപ്പെടുത്തുന്ന വലകൾ ഉപയോഗിച്ചും മത്സ്യബന്ധനം നടത്തുക തുടങ്ങിയവക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.9. നദികളുടെയും കായലുകളുടെയും തീരസംരക്ഷണത്തിൽ തദ്ദേശീയമായ സസ്യവർഗങ്ങളെ ഉപയോഗിക്കേണ്ടതാണ്.

4.10. ജലാശയങ്ങളുടെ തീരസംരക്ഷണത്തിനായി ജൈവരീതികൾ കഴിയുന്നതും അവലംബിക്കേണ്ടതാണ്. വാസഗൃഹങ്ങൾക്കും കെട്ടിടങ്ങൾക്കും ഭീഷണി ഉള്ള സ്ഥലങ്ങളിൽ കല്ലോ കോൺക്രീറ്റോ ഉപയോഗിച്ച് സംരക്ഷിക്കാവുന്നതാണ്. മറ്റിടങ്ങളിൽ നദീതീരങ്ങൾക്ക് അനുയോജ്യമായ പ്രാദേശിക വൃക്ഷ-സസ്യയിനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

4.11. ജലാശയങ്ങളുടെ അതിർത്തി സംരക്ഷണത്തിനായി ജൈവവേലി ഉണ്ടാക്കാവുന്നതാണ്. ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളിൽ വർണപുഷ്പങ്ങൾ ഉണ്ടാകുന്ന വള്ളിച്ചെടികൾ നട്ട് മനോഹരമാക്കാവുന്നതാണ്.

4.12. ഓരോ നദികളിലെയും കായലുകളിലെയും ജൈവവൈവിധ്യ ഡാറ്റാ ബാങ്ക് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കേണ്ടതാണ്.

4.13. കണ്ടലുകൾ തീരദേശ ആവാസ വ്യവസ്ഥകൾക്കും മലിനജല നിർമ്മാർജനത്തിനും സുപ്രധാനമാണ്. കണ്ടൽ പ്രദേശങ്ങൾ സംരക്ഷിക്കേണ്ടതും സാധ്യമായ സ്ഥലങ്ങളിൽ കണ്ടൽ വച്ച് പിടിപ്പിക്കേണ്ടതുമാണ്.

4.14. ജൈവവൈവിധ്യ രജിസ്റ്റർ അടിസ്ഥാനപ്പെടുത്തി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഗ്രാമപഞ്ചായത്ത് തലത്തിൽ വിദ്യാർത്ഥികൾക്കായി നടത്താൻ

അംഗീകരിക്കപ്പെട്ടിരിക്കുന്ന പരിസ്ഥിതി വിദ്യാഭ്യാസ പരിപാടിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണത്തിൽ അവയുടെ സ്ഥാനം എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്.

4.15. വയലുകൾ കൃഷിയോഗ്യമാക്കുക, വരമ്പുകൾ ഉയർത്തുക മുതലായ ആവശ്യങ്ങൾ മുൻനിർത്തി സസ്യവൈവിധ്യം ഉള്ള പാടങ്ങളുടെ വരമ്പുകൾ തോട്ടുവരമ്പുകൾ എന്നിവ കയർഭൂവസ്ത്രം ഉപയോഗിച്ച് പുനർനിർമ്മിക്കുന്നതുമൂലം സ്വാഭാവിക ജൈവവൈവിധ്യം നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ശുദ്ധജല മത്സ്യവംശങ്ങളുടെ പ്രജനനത്തെയും ആവാസവ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്. കല്ലുകെട്ടിന് ബദലായി കയർ ഭൂവസ്ത്രരീതി ദോഷകരമല്ല. എങ്കിൽത്തന്നെയും പരമ്പരാഗത രീതിയിൽ തോടുകളും വരമ്പുകളും സംരക്ഷിക്കാൻ സാധ്യമായ ഇടങ്ങളിൽ കൃഷിയും ജൈവവൈവിധ്യ സംരക്ഷണവും പ്രായോഗിക തലത്തിൽ പരസ്പര വിരുദ്ധമാകാതെ കാർഷിക ആവശ്യങ്ങൾ നടപ്പാക്കേണ്ടതാണ്.

*(5) മണൽവാരൽ*

5.1. നദികളിൽ നിന്നും നദീ തീരങ്ങളിൽ നിന്നുമുള്ള അനിയന്ത്രിതവും വിവേചനരഹിതവുമായ മണൽവാരലും ഖനനവും മൂലം സംസ്ഥാനത്തെ നദികൾ സർവനാശം നേരിടുകയാണെന്നും അതുമൂലം ഭയാനകമായ പാരിസ്ഥിതിക തകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നും കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി 22.03.2010-ൽ സമർപ്പിച്ച ഏഴാമത് റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5.2. പുഴമണൽ ഖനനം 2001-ലെ നദീതടസംരക്ഷണവും പുഴമണൽ വാരൽ നിയന്ത്രണവും നിയമപ്രകാരം നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. മണലിന്റെ ലഭ്യത ഉറപ്പാക്കാനായി സാന്റ് ഓഡിറ്റ് നടത്തി അതുപ്രകാരം മാത്രമേ മണൽഖനനത്തിനുള്ള അനുമതി ബന്ധപ്പെട്ട പഞ്ചായത്തുകൾ നൽകുവാൻ പാടുള്ളൂ. 27.02.2012-ൽ 19628 –19629/2009 നമ്പരുകളായ പ്രത്യേകാനുമതി ഹർജികളിൽ (ദീപക് കുമാർ V/S ഹരിയാന) ബഹു. സുപ്രീം കോടതി പ്രസ്താവിച്ചിരിക്കുന്ന വിധി അനുസരിച്ച് എല്ലാത്തരം ഖനനങ്ങൾക്കും മുൻകൂർ പാരിസ്ഥിതിക അനുമതി ആവശ്യമാണ്. മണൽഖനനം, ജലനിരപ്പ് വരെയോ മൂന്ന് മീറ്ററോ ഏതാണ് കുറവ് അതുവരെ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ഈ വിധി പ്രകാരം മാത്രമേ പുഴകളിൽ നിന്നുള്ള മണൽ ഖനനം അനുവദിക്കാവൂ എന്ന് ഒ.എ. 171/13 എന്ന കേസിൽ ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ (NGT) ഉത്തരവായിട്ടുണ്ട്. ആകയാൽ നിലവിൽ ആറ്റുമണൽ ഖനനത്തിന് മുൻകൂർ പാരിസ്ഥിതിക അനുമതി ആവശ്യമാണ്.

5.3. മണലിന്റെ ലഭ്യത ശാസ്ത്രീയമായി തിട്ടപ്പെടുത്തി (Sand Audit) ഖനനത്തിന് സാധ്യതയുണ്ടെന്ന് ക്രമപ്രകാരം സാക്ഷ്യപ്പെടുത്തിയ കടവുകളിൽ മാത്രമേ മണൽഖനനം പരിഗണിക്കാനാവുകയുള്ളൂ. നദീസംരക്ഷണ ഫണ്ട് ഉപയോഗപ്പെടുത്തി ഇത്തരം പഠനങ്ങൾ നടത്തേണ്ടതാണ്. ഓരോ നദിയിലെയും മണൽവാരുന്നതിന് അനുവദനീയമായ ജലനിരപ്പിന്റെ സ്ഥിര അടയാളം (benchmark) വേനൽക്കാലത്ത് ഒരു ശാസ്ത്ര സ്ഥാപനത്തെക്കൊണ്ട് (CESS, CWRDM അവർ അംഗീകരിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങൾ) നിർണ്ണയിപ്പിക്കേ

ണ്ടതും, അതനുസരിച്ചാണ് മണൽഖനനം നടത്തുന്നതെന്ന് ഖനനാനുമതി നൽകുന്ന അധികാരി ഉറപ്പാക്കേണ്ടതുമാണ്.

5.4. പുഴകളിൽ നിന്നും പുഴയോരങ്ങളിൽ നിന്നും മണൽ അനധികൃതമായി ഖനനം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ, റവന്യൂവകുപ്പ്, പോലീസ് വകുപ്പ് എന്നിവർ സംയോജിത പ്രതിരോധ നടപടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടതാണ്. നദികളിൽ അഗാധമായ കുഴികൾ ഉണ്ടാക്കി അനുവദനീയമായതിലധികം മണൽ നേരത്തെ തന്നെ വാരിയെടുത്തിട്ടുള്ള സ്ഥലങ്ങളിൽ ഇനിയും മണൽഖനനം അനുവദിക്കാവുന്നതല്ല. നദീമുഖങ്ങളിൽ മണൽ ഖനനാനുമതി നൽകുന്നത് തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരമായിരിക്കണം. ഇപ്രകാരമുള്ള മണൽ ഖനനംമൂലം ഉപ്പുവെള്ളം നദികളിൽ കയറുന്നതും കടൽപ്പുറങ്ങളെ പ്രതികൂലമായി ബാധിക്കുന്നതുമായ സാഹചര്യം ഉണ്ടാക്കാൻ പാടില്ലാത്തതാണ്.

5.5. മണൽഖനനം മൂലം പുഴകളിലെ ജൈവവ്യവസ്ഥ താറുമാറാകുന്നതും ജലജീവികൾക്ക് നാശം സംഭവിക്കുന്നതും പരിഗണിച്ച് നദി പരിപാലന ഫണ്ട് (River Management Fund) ഇക്കാര്യങ്ങൾക്ക് മുൻഗണന നൽകി, നഷ്ടപ്പെട്ട ജൈവ-ആവാസവ്യവസ്ഥ പുനസ്ഥാപനത്തിന് ഉപയോഗിക്കേണ്ടതാണ്.

5.6. മണൽവാരൽ അനുവദിച്ചിട്ടുള്ള നദികൾ ഉള്ള ഗ്രാമപഞ്ചായത്തുകൾ അത്തരം നദികളുടെ പാരിസ്ഥിതിക-ജൈവവൈവിധ്യ സംരക്ഷണത്തിനായി അതാത് പഞ്ചായത്തുകളിലെ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുമായി (ബി.എം.സി.) പര്യാലോചിച്ച് പുനരുജ്ജീവന പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. നദീപരിപാലന ഫണ്ട് ഉപയോഗപ്പെടുത്തി ഇത്തരം സംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

5.7. മേൽപ്പറഞ്ഞ പുനരുജ്ജീവന പദ്ധതികൾ തയ്യാറാക്കാനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സഹായ സംഘത്തിന്റെ (Technical Support Group) സഹായം ഗ്രാമപഞ്ചായത്തുകൾക്കും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾക്കും ജില്ലാകളക്ടർമാർക്കും തേടാവുന്നതാണ്.

5.8. അനധികൃത മണൽഖനനം നടക്കുന്ന സംഭവങ്ങൾ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ 22.3.2013 ലെ (അച്ചടി) നമ്പർ 01/2013/പരി., 13.5.2013 ലെ (അച്ചടി) നമ്പർ 04/13/പരി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നിയമാനുസൃത അധികാരികളെ യഥാസമയം അറിയിക്കേണ്ടതും അതിന്മേൽ അതാത് അധികാരികൾ ഉടനടി നടപടി സ്വീകരിക്കേണ്ടതുമാണ്.

5.9. സ്വകാര്യവ്യക്തികൾ, നിർണ്ണയിക്കപ്പെട്ട കടവുകളിൽ നിന്നും ആറ്റുമണൽ വാരുന്നതും വിൽക്കുന്നതും കർശനമായി അവസാനിപ്പിക്കേണ്ടതാണ്.

5.10. ഖനനത്തിന് നിർണ്ണയിക്കപ്പെട്ട അളവിൽ ആറ്റുമണൽ എടുത്ത് കഴിഞ്ഞ കടവുകളിൽ (നദികളിൽ) കൂടുതൽ മണൽ വാരുന്നതിന് ഹോളിഡേ (Holiday) ഏർപ്പെടുത്തുന്ന രീതി കർശനമായി നടപ്പാക്കേണ്ടതാണ്.

5.11. 2001-ലെ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം

10-ാം വകുപ്പ് പ്രകാരവും അതാത് ജില്ലാ വിദഗ്ധസമിതികൾ നദീതീര വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നദിയുടെ ജൈവ-ഭൗതിക പരിസ്ഥിതി പരിപാലിക്കേണ്ടതാണ്. നദീതീരവും ആറ്റ് പുറമ്പോക്കുകളും സംരക്ഷിക്കാനുള്ള ഇത്തരം സംരക്ഷണ പദ്ധതികൾ ഒഴിവാക്കി, അനിയന്ത്രിതമായി പുഴകളിൽ നിന്ന് മണൽവാരാൻ മാത്രം അനുമതി നൽകുന്ന രീതി കർശനമായി അവസാനിപ്പിക്കേണ്ടതാണ്. നിയമാനുസൃത നദി പരിപാലന ഫണ്ട് (RMF) ഈ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

*(6) സംരക്ഷണ നടപടികൾ*

6.1. ജലസ്രോതസ്സുകളുടെ സംരക്ഷണം ഉദ്ദേശിച്ച് നടപ്പിൽവരുത്തിയിട്ടുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും വിജ്ഞാപനങ്ങളും സർക്കാർ ഉത്തരവുകളും വകുപ്പുതല നിർദ്ദേശങ്ങളും കർശനമായി പാലിക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങളും അധികാരികളും ബാധ്യസ്ഥരമാണ്. ഈ നടപടികൾ പൂർണമായി പാലിച്ചുമാത്രമേ ജലസ്രോതസ്സുകളിൽ ഏതെങ്കിലുംവിധ പ്രവർത്തികൾ അനുവദിക്കാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി സംഭവിക്കുന്ന കേസുകളിൽ നിയമാനുസൃത നടപടികൾ വിട്ടുവീഴ്ചകൂടാതെ സ്വീകരിക്കേണ്ടതും, നികത്തൽ മുതലായ സംഭവങ്ങളിൽ ജലസ്രോതസ്സ് പൂർവസ്ഥിതിയിലാക്കേണ്ടതും, അതിനുള്ള ചെലവ് ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും, മലിനീകരണം സംഭവിച്ചാൽ ശുചീകരണത്തിനാവശ്യമാകുന്ന ചെലവ് അതിന് ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതുമാണ്. (ജലസ്രോതസ്സുകളെ സംബന്ധിക്കുന്ന പ്രധാന നിയമങ്ങളും ചട്ടങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.)

6.2. ജലാശയങ്ങളുടെ പാരിസ്ഥിതിക സംരക്ഷണത്തിനായോ, ഗതാഗത ആവശ്യങ്ങൾക്കായോ, മണ്ണൊലിപ്പ് മൂലമോ ഡ്രെഡ്ജിംഗ് നടത്തേണ്ട വേളയിൽ മുൻകൂർ പാരിസ്ഥിതിക ആഘാത നിർണ്ണയം നടത്തേണ്ടതും മാറ്റുന്ന മണ്ണും ചെളിയും ജലാശയങ്ങളിൽ തിരികെ എത്താത്ത വിധം നിക്ഷേപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6.3. സംസ്ഥാനത്തെ എല്ലാ നദികൾക്കും കായലുകൾക്കും പ്രധാനപ്പെട്ട മറ്റ് ജലസ്രോതസ്സുകൾക്കും (വലിയ കുളങ്ങൾ, പ്രധാന നദികളുടെ കൈവഴികൾ, നദികളെ ബന്ധിപ്പിക്കുന്ന പ്രധാന തോടുകൾ, മത്സ്യങ്ങളുടെ ഗമന മാർഗങ്ങൾ, അരുവികൾ) മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഇതിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഗവേഷണസ്ഥാപനങ്ങളെയും ഏകോപിപ്പിച്ചും അവയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ ഉൾപ്പെടുത്തിയും സംയോജിത കർമ്മപദ്ധതികൾ പാരിസ്ഥിതിക ആവാസവ്യവസ്ഥ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനും മുന്തിയ പരിഗണന നൽകി തയ്യാറാക്കേണ്ടതാണ്.

6.4. നദികളിലെയും അരുവികളിലെയും നദികളിൽ ഒഴുകിയെത്തുന്ന തോടുകളിലെയും ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന കാരണങ്ങൾ കണ്ടുപിടിച്ച് അവ പൂർവസ്ഥിതിയിലാക്കേണ്ടതാണ്.

6.5. മണ്ണൊലിപ്പ് തടയാനായി ജൈവരീതികൾ അവലംബിക്കേണ്ടതാണ്. ഇതിൽ

മരങ്ങൾ വച്ചുപിടിപ്പിക്കൽ, ജൈവവേലി എന്നിവയും ഉൾപ്പെടുത്താവുന്നതാണ്.

6.6. കുളവാഴ, ആഫ്രിക്കൻ പായൽ, കബോംബ മുതലായ കടന്നുകയറ്റക്കാരായ ജലസസ്യങ്ങൾ സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ശോഷണത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇവ ജലാശയങ്ങളിലെ തനത് ജൈവവൈവിധ്യത്തിന്റെ നാശത്തിന് പ്രധാന കാരണമാണ്. കൂടാതെ ജലപാതകൾ തടസ്സപ്പെടുത്തി ഉപയോഗശൂന്യമാക്കുന്നു. ഒഴുക്കിനെ പ്രതിരോധിക്കുകയും ജലജന്യ പകർച്ചവ്യാധികൾക്ക് കാരണമാകുകയും ചെയ്യുന്നു. ആകയാൽ തദ്ദേശ ജൈവവൈവിധ്യത്തിനു ഭീഷണിയായ ഇതുപോലുള്ള പോളകളെയും പായലിനെയും മറ്റ് കടന്നുകയറ്റക്കാരായ ജലസസ്യ-ജന്തുജാലങ്ങളെയും ഒഴിവാക്കാൻ പ്രത്യേക പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളും ത്രിതല പഞ്ചായത്തുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

6.7. ജലാശയങ്ങളുടെ പ്രത്യേകിച്ച് കായലുകളുടെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ കാരണമാകുന്നുണ്ട്. പാലങ്ങളും മറ്റും നിർമ്മിക്കാൻ ജലാശയങ്ങളിൽ നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾക്കുശേഷം നിർമ്മാണ അവശിഷ്ടങ്ങൾ മാറ്റാത്തതിനാൽ സാരമായ പാരിസ്ഥിതിക ആവാസ വ്യവസ്ഥാനാശം ഉണ്ടാകുന്നു. ജലാശയങ്ങളിലെ നിർമ്മാണ പ്രവർത്തനത്തിന് ശേഷം എല്ലാ അവശിഷ്ടങ്ങളും മാറ്റി ജലാശയം പൂർവസ്ഥിതിയിലാക്കാനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. ജലാശയങ്ങളിൽ അവശേഷിച്ച നിർമ്മാണ അവശിഷ്ടങ്ങൾ പൂർണമായി മാറ്റി ജലാശയം പൂർവസ്ഥിതിയിലാക്കി എന്ന് ബന്ധപ്പെട്ട ഏജൻസികൾ രേഖാമൂലം സാക്ഷ്യപ്പെടുത്തിയശേഷം മാത്രമേ കരാറുകാരന്റെ അന്തിമ ബില്ല് പാസ്സാക്കി നൽകാവൂ. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6.8. നദികളിൽ ജൈവവ്യവസ്ഥ നിലനിർത്താൻ ആവശ്യമായ കുറഞ്ഞ ജലപ്രവാഹം ജലസേചനവകുപ്പ് ഉറപ്പാക്കേണ്ടതാണ്.

6.9. കുടിവെള്ള സ്രോതസ്സുകളായ ജലാശയങ്ങളിലെ ജലഗുണനിലവാരം കേരള ജല അതോറിറ്റി ഉറപ്പാക്കേണ്ടതാണ്. മാലിന്യ സ്രോതസ്സുകൾ കണ്ടെത്താനും മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന പ്രതിരോധ നടപടികൾ സ്വീകരിക്കാനും ജല അതോറിറ്റി മുൻകൈ എടുക്കേണ്ടതുമാണ്. ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള സ്വീവേജ് പമ്പിംഗ് സ്റ്റേഷനുകൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവിടങ്ങളിൽ നിന്നും സ്വീവേജ് സിസ്റ്റത്തിൽ നിന്നും മാലിന്യം ജലാശയങ്ങളിൽ എത്തിച്ചേരുന്നില്ലെന്ന് ജല അതോറിറ്റി ഉറപ്പാക്കേണ്ടതാണ്.

6.10. സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ മലനീകരണത്തിന്റെ മുഖ്യകാരണം ഗാർഹിക മാലിന്യം പ്രത്യേകിച്ച് കക്കൂസ് മാലിന്യമാണ്. സ്വീവേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. അതാതു പ്രദേശങ്ങൾക്ക് പ്രത്യേകമായുള്ള ചെറിയ ട്രീറ്റ്മെന്റ് പ്ലാന്റുകളും ഉചിതമാണെങ്കിൽ സ്ഥാപിക്കാവുന്നതാണ്. സ്രോതസ്സുകൾക്ക് അടുത്തുള്ള ശൗചാലയങ്ങൾ ഡബിൾ പിറ്റ് രീതിയിലായിരിക്കണം. 'എക്കോസാൻ' (ecological sanitation) ടോയ്‌ലറ്റുകളും ലഭ്യമാക്കാവുന്നതാണ്.

6.11. നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയുകയും, ബണ്ടുകളുടെ അറ്റകുറ്റപ്പണികൾ, ചെളിമാറ്റൽ എന്നിവ യഥാസമയം നടത്തി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്. ഓരോ നദിക്കും ഒരു സംയോജിത മാനേജ്മെന്റ് പദ്ധതിയുണ്ടാകേണ്ടതാണ്. ജലസ്രോതസ്സുകളുടെ സംരക്ഷണ നടപടികൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും ഏകോപിത രീതിയിൽ നടപ്പാക്കണം.

6.12. നദീജല ഉപഭോഗം നിശ്ചയിക്കുന്നതിനായി 5 വർഷത്തിൽ ഒരിക്കൽ വാട്ടർ ബാലൻസ് സ്റ്റഡി നടത്തേണ്ടതാണ്. ജല ഉപഭോഗത്തിന് അനുവദിക്കുംമുമ്പ് ജല ലഭ്യത ഉറപ്പാക്കേണ്ടതാണ്. ജല ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ജലാശയങ്ങളുടെ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടത്. ജലാശയങ്ങളുടെ ഉപയോഗവും സംരക്ഷണവും സർക്കാരിന്റെ ജലനയത്തിനും അനുരൂപമായിരിക്കേണ്ടതാണ്.

6.13. കഴുകുന്നതിനോ മണൽ കയറ്റുന്നതിനോ വാഹനങ്ങൾ പുഴകളിൽ ഇറക്കുന്നത് ഗ്രാമപഞ്ചായത്തുകൾ/പോലീസ് തടയേണ്ടതാണ്.

6.14. തൊണ്ട് ജലാശയങ്ങളിൽ അഴുക്കുന്നതിന് പകരം സാങ്കേതിക വിദ്യയും സംവിധാനങ്ങളും നിലവിലുള്ളതിനാൽ അവ അവലംബിക്കാനുള്ള സൗകര്യം കയർബോർഡും കയർ വികസനവകുപ്പും ലഭ്യമാക്കേണ്ടതാണ്.

6.15. ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങൾ യാതൊരു കാരണവശാലും ജലാശയങ്ങളിൽ എത്താവുന്നതല്ല. ഇക്കാര്യത്തിൽ 2012-ലെ (സാധാ) 06/12/പരി. നമ്പർ സർക്കാർ ഉത്തരവ് യാതൊരു വിട്ടുവീഴ്ചയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും നടപ്പാക്കേണ്ടതാണ്. രാത്രികാലങ്ങളിൽ നദികളിലും കായലുകളിലും മറ്റ് ജലാശയങ്ങളിലും അറവുശാല, കോഴി ഫാം, പന്നിഫാം, ഹോട്ടലുകൾ തുടങ്ങിയ ഇടങ്ങളിലെയും വീടുകളിലെയും മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരെ കണ്ടുപിടിച്ച് നിയമാനുസൃത ശിക്ഷ നൽകുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് ഏർപ്പാട് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ പോലീസ് വകുപ്പും നിയമാനുസൃത നടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കേണ്ടതാണ്.

6.16. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പ്രകൃതിദത്ത മാർഗങ്ങൾ അവലംബിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജലസേചനവകുപ്പ് (ജലസേചനവും ഭരണവും) ചീഫ് എഞ്ചിനീയർ 8/2013 ൽ പുറപ്പെടുവിച്ചിട്ടുള്ള W3-4173/2013G1-1/13 നമ്പർ സാങ്കേതിക സർക്കുലർ ബന്ധപ്പെട്ട എല്ലാവരും കർശനമായി പാലിക്കേണ്ടതാണ്. സംസ്ഥാനത്തെ ജലാശയങ്ങളുടെ പ്രത്യേകിച്ച് നദികകളുടെ നാശത്തിന് മുഖ്യകാരണം കക്കൂസ് മാലിന്യങ്ങൾ, മൃഗങ്ങൾ, സ്വീവേജ് എന്നിവയിൽ നിന്നുള്ള കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി വർദ്ധിക്കുന്നതാണെന്ന് കണ്ടെത്തിയിരിക്കുന്നു. കേരളത്തിലെ ഭൂപ്രകൃതിയും, ജനസാന്ദ്രതയും കണക്കിലെടുക്കുമ്പോൾ ജലാശ്ശയങ്ങളും മേൽപറഞ്ഞ തരം മാലിന്യങ്ങളുടെ ഉത്ഭവകേന്ദ്രങ്ങളും തമ്മിലുള്ള ദൂരം കർശനമായി പാലിക്കേണ്ടത് പരമപ്രധാനമാണ്. ജലസ്രോതസ്സുകൾ മലിനപ്പെടാനിടയുള്ള നദീതീരങ്ങൾ കായൽതീരങ്ങൾ എന്നിവിടങ്ങളിൽ

ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനം നിർബന്ധമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്ന പദ്ധതികളിലും ഇക്കാര്യം പാലിക്കേണ്ടതാണ്.

6.17. പുഴകൾ, കായൽ, കുളങ്ങൾ എന്നിവിടങ്ങളിലേക്കും ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്ന തോടുകൾ, ഓടകൾ എന്നിവിടങ്ങളിലേക്കും വീടുകൾ, ഹോട്ടലുകൾ, വാണിജ്യസ്ഥാപനങ്ങൾ, കമ്പോളങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മാലിന്യം നേരിട്ട് തുറന്ന് വിടുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രവർത്തനാനുമതി ആവശ്യമുള്ളവയിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും കർശനമായി തടയേണ്ടതും നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഡ്രെയിനേജ് ഓടകളിൽ നിന്ന് നദികളിലും കായലുകളിലും ഒഴുകിയെത്തുന്ന ജലം, അത്തരം ജലത്തിന് നിശ്ചയിച്ചിട്ടുള്ള ഗുണനിലവാരം നിലനിർത്തുന്നതിനുവേണ്ടിയുള്ള ശുദ്ധീകരണ പദ്ധതികൾ (സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്) ബന്ധപ്പെട്ട നഗരസഭകളും ഗ്രാമപഞ്ചായത്തുകളും ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്. കുടിവെള്ളസ്രോതസ്സുകളായ നദികകളിലും ശാസ്താംകോട്ട, വെള്ളായണി എന്നീ ശുദ്ധജല തടാകങ്ങളിലും ഇക്കാര്യം അതീവ പ്രാധാന്യത്തോടെ ഉറപ്പാക്കേണ്ടതാണ്.

6.18. സെപ്ടിക്ക് ടാങ്ക് മാലിന്യങ്ങളുടെ നീക്കത്തിനായി ഉപയോഗിക്കുന്ന ടാങ്കർ ലോറികൾ യാതൊരു കാരണവശാലും മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ലെന്നും അത്തരം ടാങ്കറുകൾ ശേഖരിക്കുന്ന സെപ്ടിക്ക് ടാങ്ക് മാലിന്യം ജലാശയങ്ങളിൽ ഉപേക്ഷിക്കുന്നില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പോലീസ് വകുപ്പും ഉറപ്പാക്കേണ്ടതാണ്. ഈ ജോലികളിൽ വ്യാപൃതരായിരിക്കുന്ന ഏജൻസികൾക്ക് രജിസ്ട്രേഷനും ലൈസൻസും ഏർപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കേതാണ്. നദികളിൽ നിർമ്മിക്കുന്ന ചെക്ക്ഡാമുകൾ ഒഴുക്കിനെ പൂർണായി തടയുന്നതും വെള്ളം കെട്ടിക്കിടന്ന് നദിയിൽ മലിനീകരണം സൃഷ്ടിക്കാത്തതും ജൈവവൈവിധ്യത്തെ ബാധിക്കാത്ത വിധത്തിലുമായിരിക്കണം. ചെക്ക്ഡാമുകൾ ജലസംഭരണികളുടെ പ്രയോജനം ചെയ്യുന്നതാകണം. എന്നാൽ ജലജീവികളെയും ഒഴുക്കിനെയും ബാധിക്കാവുന്നതുമല്ല. നദിയിൽത്തന്നെ ചെക്ക്ഡാം നിർമ്മിക്കുന്നതിന് പകരം കൈവഴികളിലും നദിയിൽ എത്തിച്ചേരുന്ന കനാലുകളിലും തോടുകളിലും തടയണ നിർമ്മിക്കണമെന്ന ശസ്ത്രീയ വീക്ഷണവും പരിഗണിക്കാവുന്നതാണ്.

*(7) അതിർത്തി സംരക്ഷണം*

7.1. നദീതീരങ്ങളുടെ സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കേണ്ടതാണ്. അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കാൻ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കണം.

7.2. നദീതീരങ്ങൾ, കായലുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവ വ്യാപകമായി കയ്യേറപ്പെട്ട് ട്ടുള്ള സാഹചര്യത്തിൽ വിശദമായ സർവ്വേ നടത്തി പുഴകളുടെ തീരത്തെ പുറമ്പോക്കുകൾ പതിച്ചുകൊടുക്കുവാൻ പാടില്ലെന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ അത്തരം നദീതീരങ്ങളിലെ നിർമ്മാണ പ്രവർത്തികൾ നിയന്ത്രിക്കേണ്ടതും നദീതീര കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതുമാണ്.

7.3. നദി സംരക്ഷണ പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ നദീതടങ്ങളുടെ സംരക്ഷണംകൂടി അതിൽ ഉൾപ്പെടുത്തേണ്ടതാണ്.

7.4. ജലസ്രോതസ്സുകളുടെ അതിർത്തി പ്രത്യേകം അടയാളപ്പെടുത്താൻ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളും റവന്യൂ വകുപ്പും ശ്രദ്ധിക്കേണ്ടതാണ്. സ്ഥിരമായതും പെട്ടന്ന് എടുത്തുമാറ്റാനോ നശിപ്പിക്കാനോ സാധിക്കാത്തതുമായ അതിരടയാളങ്ങൾ സ്ഥാപിക്കേണ്ടതാണ്. ആധുനിക സംവിധാനങ്ങളായ അക്ഷാംശ-രേഖാംശ നിർണ്ണയം (Co-ordinate Fixation) ജി.പി.എസ്. അടിസ്ഥാനപ്പെടുത്തിയും അതിർത്തി നിർണയിക്കാൻ സ്ഥാപിച്ച അടയാളങ്ങൾ മാറ്റുന്ന പ്രവണത തടയാവുന്നതാണ്.

7.5. നദികളെ പാടങ്ങളും കരനിലങ്ങളുമായും (flood plains) ബന്ധിപ്പിക്കുന്ന പ്രധാന തോടുകൾ, പാടശേഖരങ്ങളിലെ തലക്കുളങ്ങൾ, ചാലുകൾ എന്നിവ കയ്യേറുകയോ, നികത്തുകയോ ചെയ്തിട്ടുള്ളവ ഒഴിപ്പിച്ച് അവ പൂർവ്വസ്ഥിതിയിലാക്കുകയും നദികളിലെ ജൈവവൈവിധ്യ വ്യവസ്ഥയ്ക്ക് ഹാനികരമായ എല്ലാ തടസ്സങ്ങളും ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

7.6. ജലസ്രോതസ്സുകളുടെ തീരങ്ങളും അനുബന്ധ പുറമ്പോക്കു ഭൂമിയും സംരക്ഷിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രത്യേക ജനകീയസമിതികൾ രൂപീകരിക്കാവുന്നതാണ്. ഇതിൽ അതാതു പഞ്ചായത്തിലെ ജൈവവൈവിധ്യ പരിപാലന സമിതിയിലെ ഒരു അനൗദ്യോഗിക അംഗത്തെയും ഉൾപ്പെടുത്താവുന്നതാണ്.

7.7. നഗര മാസ്റ്റർ പ്ലാനുകളിൽ ജലാശയങ്ങൾക്ക് ചുറ്റും സംരക്ഷണമേഖല നിശ്ചയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോൾ മാസ്റ്റർ പ്ലാൻ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. സർക്കാർ വകുപ്പുകൾ തന്നെ മാസ്റ്റർ പ്ലാൻ, ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ, ചട്ടങ്ങൾ എന്നിവ ലംഘിച്ച് ജലസ്രോതസ്സുകൾക്ക് ദോഷം വരുത്തുന്ന നടപടികൾ സ്വീകരിക്കുന്നത് വിലക്കേണ്ടതാണ്.

7.8. ജലസ്രോതസ്സുകളും, തീരത്തെ സർക്കാർ പുറമ്പോക്കുകളും നിയമം ലംഘിച്ച് കൈവശം വച്ചിരിക്കുന്നവ പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി/ ഭൂസംരക്ഷണ നിയമങ്ങൾ പ്രകാരം സർക്കാർ വകയാക്കേണ്ടതും അത്തരം പുറമ്പോക്കു ഭൂമിയിൽ അവകാശവാദം സ്ഥാപിച്ചുകൊടുക്കാൻ പാടില്ലാത്തതുമാണ്.

7.9. ജലസ്രോതസ്സുകളുടെ ഭാഗമായതോ തീരമായതോ ആയ പ്രദേശങ്ങൾ 1957 -ലെ കേരള ഭൂസംരക്ഷണ നിയമത്തിന്റെ 3-ാം വകുപ്പ് 1-ാം ഉപവകുപ്പിന്റെ പരിധിയിൽ വരുന്നവയിൽ ഉണ്ടായിട്ടുള്ള എല്ലാ കയ്യേറ്റങ്ങളും കർശനമായി ഒഴിവാക്കേണ്ടതാണ്.

***(8) കുളങ്ങളുടെ സംരക്ഷണം***

8.1. സംസ്ഥാനത്തിന് പ്രകൃതി കനിഞ്ഞനുഗ്രഹിച്ചു നൽകിയ വരദാനങ്ങളിലൊന്നാണ് കുളങ്ങൾ. കുടിക്കാനും, കുളിക്കാനും, കൃഷിക്കും, മൃഗസംരക്ഷണത്തിനും സംസ്ഥാനത്തിന്റെ തനതായ ജൈവവൈവിധ്യ സംരക്ഷണത്തിനും തികച്ചും പ്രത്യേകമായ സൗകര്യങ്ങൾ കുളങ്ങൾ ഒരുക്കുന്നുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ കഴിഞ്ഞ കുറേ വർഷങ്ങളായി അവയിൽ മിക്കവയും ഉപേക്ഷിക്കപ്പെട്ട നിലയിലോ

ചപ്പുചവറുകളുടെ സംഭരണികളായോ നിലകൊള്ളുകയാണ്. അനവധിയെണ്ണം നികത്തപ്പെട്ടുകഴിഞ്ഞു. ഇന്നനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമത്തിന് ഒരു പരിധിവരെ ഇത്തരം കുളങ്ങളും പ്രകൃതിദത്ത ജലസംഭരണികളും പ്രയോജനപ്പെടുത്തേണ്ടത് അടിയന്തിര ആവശ്യമായിരിക്കുകയാണ്. ജനങ്ങളുടെ വിവിധ ആവശ്യങ്ങൾക്കെന്നതുപോലെ പ്രാദേശിക പാരിസ്ഥിതിക സംരക്ഷണത്തിനും ഇത് അത്യന്താപേക്ഷിതമായിരിക്കുന്നു. ഭൂഗർഭ ജലത്തിന്റെ അമിതശോഷണം ഒഴിവാക്കാനും ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കാനും കുളം സംരക്ഷണം ഉപകരിക്കുന്നതാണ്.

8.2. സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ടതായോ ദുരുപയോഗം ചെയ്യുന്നതായോ പാരിസ്ഥിതികശോഷണം സംഭവിച്ചതായോ നികത്തപ്പെടാത്തതായോ അവശേഷിക്കുന്ന കുളങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പുനരുജ്ജീവിപ്പിച്ച് സുസ്ഥിരമായ രീതിയിൽ സംരക്ഷിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് ഓരോ സാമ്പത്തിക വർഷത്തിലും ലഭ്യമാകുന്ന പദ്ധതിവിഹിതം ഉപയോഗപ്പെടുത്തി കുളങ്ങൾ/പ്രധാന ജലസ്രോതസ്സുകൾ നവീകരിച്ച് ഉപയോഗപ്രദമാക്കി സംരക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർബന്ധിത പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്.

8.3. കുടിവെള്ളത്തിനും അതോടൊപ്പം ജലസേചനത്തിനും സാദ്ധ്യമാകുന്ന വലിയ കുളങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്. കുടിവെള്ള സ്രോതസ്സ്, ജലസേചന സൗകര്യം, മഴവെള്ളം/ ഊറ്റുവെള്ളം സംഭരണം, ടൂറിസം സാധ്യത, ജൈവ വൈവിധ്യ സംരക്ഷണം, മത്സ്യം വളർത്തൽ, മൃഗങ്ങൾക്കുവേണ്ട ജലം എന്നിവയിൽ ഏതെങ്കിലുമോ/എല്ലാമോ സാധ്യമാകുന്ന കുളങ്ങളാണ് തെരഞ്ഞെടുക്കേണ്ടത്. കുളങ്ങളിലേക്ക് സ്വാഭാവിക നീരൊഴുക്കിനും കുളങ്ങളിൽ നിന്ന് അധികജലം ഒഴുകിപ്പോകാനും സൗകര്യമുള്ളവയ്ക്ക് മുൻഗണന നൽകാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന കുളങ്ങൾക്ക് കുറഞ്ഞത് 20 സെന്റ് വിസ്തീർണ്ണം (ജലവിസ്തൃതി) ഉണ്ടായിരിക്കേതാണ്. അടുത്തടുത്തായോ ഒരേ പ്രദേശത്തോ ഉള്ള ഒന്നിലധികം കുളങ്ങൾ (അതായത് പാടശേഖരങ്ങൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിലുള്ളവ, നദീസാമീപ്യവും ബന്ധവും ഉള്ള കുളത്തിന്റെ സമീപസ്ഥ കുളങ്ങൾ എന്നിവ) ജലപ്പരപ്പ് 20 സെന്റിൽ കുറവാണെങ്കിലും ഒരുമിച്ചെടുത്ത് പുനരുജ്ജീവിപ്പിക്കാവുന്നതാണ്. കുളം സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപന ഉടമസ്ഥതയിലുള്ളതായിരിക്കണം. മറ്റേതെങ്കിലും പദ്ധതി പ്രകാരം നേരത്തെ ജോലികൾ അപൂർണമായി ചെയ്തിട്ടുള്ളതും, അവശേഷിക്കുന്ന ജോലികൾ തടസ്സം കൂടാതെ ചെയ്ത് പൂർണമാക്കാനും സംരക്ഷിക്കാനും സാധിക്കുന്ന മേൽപ്പറഞ്ഞ തരത്തിലുള്ള കുളങ്ങളും തെരഞ്ഞെടുക്കാവുന്നതാണ്. രണ്ടു ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന കുളങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പുനരുജ്ജീവിപ്പിക്കാവുന്നതാണ്. നദികൾ, കായലുകൾ എന്നിവ ഒഴികെ പൊതു ആവശ്യത്തിന് ഉപകരിക്കാവുന്ന അന്യ ജലസ്രോതസ്സുകളും (ഉദാഹരണത്തിന്, നദികളെ പാടങ്ങളും ചാലുകളുമായി ബന്ധപ്പിക്കുന്ന പ്രധാന തോടുകൾ, അരുവികൾ, സ്ഥിരമായ ഊറ്റുറവകൾ എന്നിവ) ഈ പദ്ധതിയിൽ ഉൾപ്പെടുത്താം.

8.4. തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളിൽ/ ജലസ്രോതസ്സുകളിൽ സംയോജിത സംര

75/16

ക്ഷണ നടപടികളാണ് സ്വീകരിക്കേണ്ടത്. പ്രധാനമായും ചെളിവാരൽ, കുളങ്ങളുമായി ബന്ധപ്പെട്ട ചാലുകളുടെയും തോടുകളുടെയും സംരക്ഷണം, ബണ്ട് (ചിറ) സ്ലൂയിസ് എന്നിവയുടെ നിർമ്മാണം, പുനർനിർമ്മാണം, അറ്റകുറ്റപ്പണികൾ, കുളത്തിന്റെ പരിസര സംരക്ഷണം, മണ്ണൊലിപ്പ് തടയൽ, വെള്ളത്തിന്റെ ഗുണനിലവാരം അഭിവൃദ്ധിപ്പെടുത്തൽ, സൗന്ദര്യവൽക്കരണം, ജൈവവേലി, ജൈവരീതിയിൽ വശങ്ങളുടെയും ബണ്ടുകളുടെയും സംരക്ഷണം, വിനോദോപാധികൾ എന്നിവ ഈ ഇനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. പഞ്ചായത്തുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പണിക്കുള്ള മാനദണ്ഡങ്ങൾ കുളങ്ങളുമായി ബന്ധപ്പെട്ട ജോലികൾക്കും ബാധകമാക്കാവുന്നതാണ്. എന്നാൽ ഉപഭോക്തൃസമിതികൾ, താമസക്കാരുടെ സംഘടനകൾ, പരിസ്ഥിതി സംഘടനകൾ എന്നിവയെ ഉൾപ്പെടുത്തി പഞ്ചായത്തിന് നേരിട്ടും ഇത്തരം പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും കുളം സംരക്ഷണ നടപടികൾ പൂർണമായോ, ഭാഗമായോ നടപ്പാക്കാവുന്നതാണ്. സർക്കാരിന്റെ മറ്റു വകുപ്പുകൾ ഏറ്റെടുത്തിട്ടുള്ള കുളം സംരക്ഷണ പദ്ധതികളോടൊപ്പം അനുബന്ധ സംരക്ഷണ പദ്ധതികൾ (ഉദാഹരണത്തിന്, മത്സ്യം വളർത്തൽ, സൗന്ദര്യവൽക്കരണം, ജൈവവേലി, തോടുകളുടെ പുനരുദ്ധാരണം എന്നിവ) നടപ്പാക്കാവുന്നതാണ്. പഞ്ചായത്തിലെ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി, സ്കൂളുകളിലെ ദേശീയ ഹരിതസേന, കോളേജുകളിലെ ഭൂമിത്രസേന തുടങ്ങി സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പരിസ്ഥിതി സന്നദ്ധ സംഘടനകളെയും ഈ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കേണ്ടതാണ്. ആഫ്രിക്കൻ പായൽ, കുളവാഴ മുതലായവയും ആവാസ വ്യവസ്ഥയ്ക്ക് ഗുണകരമല്ലാത്ത മറ്റ് ജലസസ്യങ്ങളും പൂർണ്ണമായി മാറ്റേണ്ടതാണ്. കുളത്തിലേക്ക് ചാഞ്ഞുകിടക്കുന്നതോ, ഇലകൾ പൊഴിയുന്നതോ ആയ വൃക്ഷശിഖരങ്ങളും മുറിച്ചു മാറ്റേണ്ടതാണ്. ചുറ്റുപാടുമുള്ള പാടങ്ങൾ, കൃഷിസ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്ന് രാസവളങ്ങളുടെയും കീടനാശിനികളുടെയും അവശിഷ്ടം കുളത്തിൽ ഒലിച്ചിറങ്ങുന്നത് തടയാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. യാതൊരു കാരണവശാലും മലിനജലം കുളത്തിൽ എത്തുവാൻ പാടില്ല. കുളങ്ങളുടെ പരിസര സൗന്ദര്യവൽക്കരണം, മരങ്ങൾ വച്ചുപിടിപ്പിക്കൽ, ജൈവവേലി എന്നിവ ഓരോന്നിനും അനുരൂപമായ വിധത്തിൽ കഴിയുന്നതും പ്രാദേശിക വൃക്ഷലതാദികൾ ഉപയോഗിച്ച് ചെയ്യേണ്ടതാണ്. കുട്ടികൾക്ക് കുളിക്കാൻ സാധ്യമായ വലിയ കുളങ്ങളിൽ ഇറങ്ങുന്ന ഭാഗങ്ങളിൽ ആഴം കുറവായും, അടിത്തട്ട് ഉറപ്പുള്ളതായും (ചെളിയില്ലാതെ) സംരക്ഷിക്കേണ്ടതാണ്. ക്രമാതീതമായി ജലനിരപ്പ് ഉയർത്തുന്ന സ്രോതസ്സുകൾ ഉള്ള കുളങ്ങളിൽ അധികജലം ഒഴുകിപ്പോകാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്. കുളങ്ങളിൽ നിക്ഷേപിക്കുന്ന മത്സ്യങ്ങൾ കഴിവതും നാടൻ ഇനങ്ങൾ ആയിരിക്കേണ്ടതാണ്. വാണിജ്യാടിസ്ഥാനത്തിൽ മത്സ്യക്കൃഷി നടത്താൻ സാദ്ധ്യമായ കുളങ്ങളിൽ മറ്റ് മത്സ്യങ്ങളെയും വളർത്താവുന്നതാണ്. കുളത്തിൽ നിന്നു കോരിമാറ്റിയ മണ്ണും ചെളിയും സംരക്ഷണ ജോലികൾക്ക് ആവശ്യമില്ലാത്തതോ, ഉപയോഗയോഗ്യമല്ലാത്തതോ ആയ സാഹചര്യങ്ങളിൽ അത് കുളത്തിനടുത്ത് നിക്ഷേപിക്കാവുന്നതല്ല. കല്ലുകെട്ട് ആവശ്യമില്ലാത്ത ഭാഗങ്ങളിൽ അനുയോ

ജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിക്കേണ്ടതാണ്. കര ഇടിയാനോ, സമീപ വിളകൾക്കോ, പുരയിടങ്ങൾക്കോ നാശം ഉണ്ടാകാനോ സാധ്യതയുണ്ടെങ്കിൽ മാത്രം കല്ലുകൊണ്ട് വശങ്ങൾ കെട്ടിയാൽ മതിയാകുന്നതാണ്. കുളം അതിന്റെ സ്വാഭാവിക അവസ്ഥയിൽ സംരക്ഷിക്കപ്പെടുകയാണ് വേണ്ടത്. കുളത്തിന്റെ വശങ്ങൾ ചരിവ്കൂട്ടി ചെയ്യാൻ സാദ്ധ്യമായിടത്ത് ജൈവരീതി അവലംബിക്കേണ്ടതാണ്. ആഴമുള്ള കുളങ്ങൾക്ക് കര സംരക്ഷണത്തിന് ചെറുമതിലോ ഇരുമ്പ് വേലിയോ നിർമ്മിക്കാവുന്നതാണ്.

8.5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിർബന്ധിത പദ്ധതികളുടെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് കുളങ്ങളുടെ സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടത്. തരംതിരിവും നടപടിക്രമങ്ങളും 15.06.2012 ലെ സർക്കാർ ഉത്തരവ് (ആർ.ടി.) 968/12/തസ്വഭവ എന്ന സർക്കാർ ഉത്തരവിൽ (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി 2012-17) 3 (2), 4 (5), 9 (എ)(i) എന്നീ ഖണ്ഡികയിൽ ഉത്തരവായിരിക്കുന്ന പ്രകാരമായിരിക്കേണ്ടതാണ്.

8.6. ഈ പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു പ്രത്യേക സമിതി രൂപീകരിക്കേണ്ടതാണ്. ഇതിൽ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയുടെ ഒരു പ്രതിനിധി, പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് സർക്കാർ വകുപ്പുകളുടെ പ്രതിനിധികൾ, വാർഡ് അംഗം, ഭൂമിത്രസേന ക്ലബ്ബ് ഉള്ള സ്ഥലങ്ങളിൽ അതിന്റെ ചുമതലയുള്ള അധ്യാപകൻ, പ്രാദേശിക പരിസ്ഥിതി സംഘടനകളുടെ ഒരു പ്രതിനിധി, ഗ്രാമപഞ്ചായത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കുന്ന പദ്ധതിയുടെ പഞ്ചായത്ത് കോ-ഓർഡിനേറ്റർ എന്നിവരും പഞ്ചായത്ത് പ്രസിഡന്റിന് ഉൾപ്പെടുത്താവുന്ന മറ്റ് അംഗങ്ങളും അടങ്ങുന്ന എന്നാൽ പത്തിലധികം അംഗങ്ങളില്ലാത്ത ഒരു മേൽനോട്ടസമിതി രൂപീകരിക്കേണ്ടതാണ്. സമിതിയുടെ കൺവീനർ ബി.എം.സി. സെക്രട്ടറി കൂടിയായ പഞ്ചായത്ത് സെക്രട്ടറി ആയിരിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധിയായിരിക്കും മേൽനോട്ട സമിതിയുടെ കാലാവധി.

8.7. സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന കുളങ്ങൾ, പ്രത്യേകിച്ച് വരൾച്ച ബാധിത പ്രദേശങ്ങളിലുള്ളവ, അങ്ങനെ തന്നെ സംരക്ഷിക്കേണ്ടതാണ്. ഇവ സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തുകയോ ഉപയോഗശൂന്യമായി കിടക്കുകയോ ചെയ്യുകയാണെങ്കിൽ ജലശേഖരണാർത്ഥം പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

8.8. ഉപേക്ഷിക്കപ്പെട്ട കുളങ്ങളും ചതുപ്പുകളും ജലസംഭരണികളാക്കി നിലനിർത്തി മത്സ്യസംരക്ഷണ/മത്സ്യകൃഷി കേന്ദ്രങ്ങളാക്കാവുന്നതാണ്.

8.9. കുളങ്ങളുടെ കാര്യത്തിൽ എന്നതുപോലെ അരുവികളും (springs) ഊറ്റുറവകളും സംരക്ഷിക്കാൻ പ്രാദേശികതലത്തിൽ നടപടിയുണ്ടാകേണ്ടതാണ്.

8.10. സംസ്ഥാനത്തെ കുളങ്ങളുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കി മേൽനടപടിക്കായി ബന്ധപ്പെട്ടവർക്ക് സമർപ്പിക്കണം.

8.11. കിണറുകൾ വറ്റി വരളാൻ സാധ്യതയുള്ള ഇടങ്ങളിൽ ഭൂഗർഭജലം കൂടുതൽ ഉപയോഗപ്പെടുത്താനുള്ള സാധ്യത കണക്കിലെടുത്ത് അത്തരം പ്രദേശങ്ങളി

ലുള്ള ഉപേക്ഷിക്കപ്പെട്ട ജലസംഭരണികൾക്ക് മുൻഗണന നൽകി പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

*(9) മേൽനോട്ടം*

9.1. പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്തുകൾ തന്നെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിൽ നേതൃത്വം നൽകേണ്ടതാണ്. ഇതിനായി പഞ്ചായത്തുകൾക്ക് ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി.) സഹായം തേടാവുന്നതാണ്. കൂടാതെ പാരിസ്ഥിതിക ബോധവൽക്കരണ - അവബോധ പരിപാടികൾക്കായി സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ദേശീയ ഹരിത സേന (എൻ.ജി.സി.) പരിസ്ഥിതി വകുപ്പിന്റെ ഭൂമിത്രസേന, ജൈവവൈവിധ്യ ബോർഡ് സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ പദ്ധതികൾ എന്നിവയും ഏകോപിത രീതിയിൽ നടപ്പാക്കാവുന്നതാണ്.

9.2. പരിസ്ഥിതി സംഘടനകളുടെ സഹായവും ജലാശയ സംരക്ഷണത്തിനായി തേടാവുന്നതാണ്.

9.3. നദികളുടെയും ബന്ധപ്പെട്ട ജലസ്രോതസ്സുകളുടെയും സംരക്ഷണം മുൻനിർത്തി അക്കാര്യത്തിൽ സന്നദ്ധസേവനത്തിന് തയ്യാറുള്ള വിരമിച്ച വിദഗ്ധർ, ശാസ്ത്രജ്ഞർ, സർക്കാർ ഉദ്യോഗസ്ഥർ, സന്നദ്ധരായ മറ്റുള്ളവർ എന്നിവരും, പരിസ്ഥിതി സാമൂഹ്യ പ്രവർത്തകരും ഉൾപ്പെടുന്ന കായൽ/ നദീതട ഉപദേശക സമിതികൾ രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തുകൾക്ക് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ആവശ്യമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള സഹായം ഉൾപ്പെടെ വേണ്ടുന്ന സാങ്കേതിക സഹായം ഈ സന്നദ്ധ സമിതികൾ പ്രദാനം ചെയ്യണം. ജലസ്രോതസ്സുകളുടെ ഏകോപിത സംരക്ഷണ നടപടികൾ ബന്ധപ്പെട്ട വകുപ്പുകളെകൊണ്ട് സ്വീകരിക്കാൻ ഈ സന്നദ്ധ സമിതികൾക്ക് സാധിക്കണം.

10. ജലസ്രോതസ്സുകളുടെ സംരക്ഷണം ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയും ഗ്രാമപഞ്ചായത്തുകളും ജില്ലാ കളക്ടർമാരും കൈകാര്യം ചെയ്യുന്ന നദി മാനേജ്മെന്റ് ഫണ്ട്, നിലവിലുള്ള കേന്ദ്ര സർക്കാർ പദ്ധതികൾ, ജലസേചനം, മലിനീകരണ നിയന്ത്രണം, ശുചീകരണം, മത്സ്യബന്ധനം, സാമൂഹ്യ വനവൽക്കരണം മുതലായവയിൽ ഉൾപ്പെടുത്തിയും, സംസ്ഥാന സർക്കാരിന്റെ ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയും, നടപ്പാക്കാവുന്നതാണ്.

11. സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ മലിനീകരണ സ്ഥിതി സംബന്ധിച്ച് മലിനീകരണ നിയന്ത്രണബോർഡ് തയ്യാറാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഈ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളും സ്ഥാപനങ്ങളും സ്വീകരിച്ച നടപടികളും അവയുടെ ഫലവും റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിവിധ വകുപ്പുകളും ഏജൻസികളും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായോ ഉപയോഗത്തിനായോ അവയിൽ ഏതെങ്കിലും പ്രവർത്തനങ്ങൾക്കായോ പദ്ധതി തയ്യാറാക്കുന്ന വേളയിൽ ഈ ഉത്തരവുകൾ പാലിക്കേണ്ടതാണ്.

12. ഈ ഉത്തരവുകൾ പ്രകാരം മേൽനടപടികൾ സ്വീകരിക്കേണ്ട വകുപ്പുകൾ/

സ്ഥാപനങ്ങൾ/പഞ്ചായത്ത് സ്ഥാപനങ്ങൾ അതാതിന് ആവശ്യമായ വിശദമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി 10-ാം ഖണ്ഡികയിൽ പരാമർശിക്കുന്ന സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി നടപ്പാക്കാവുന്നതാണ്.

13. ജലസ്രോതസ്സുകളുടെ നിലനിൽപ്പിന് ഭീഷണിയും മലിനീകരണത്തിന് കാരണമാകുന്നതുമായ പാരിസ്ഥിതിക പ്രതിലോമ നടപടികൾ, അത്തരം നടപടികൾ നടന്ന ഉടനെ അഥവാ നടത്തുന്ന വേളയിൽത്തന്നെ അതാത് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജൈവവൈവിധ്യ പരിപാലന സമിതി (ബി. എം. സി.), അതാത് സംഗതിപോലെ, മേൽനടപടിക്ക് നിയമാനുസൃത ബാധ്യതയുള്ള അധികാരികളെ അറിയിക്കേണ്ടതാണ്. ഈ വിധ അറിയിപ്പുകളിൽമേൽ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ/സ്ഥാപനങ്ങൾ സത്വര നടപടികൾ സ്വീകരിക്കേണ്ടതും ജലസ്രോതസ്സുകളിൽ നിയമാനുസൃതമല്ലാത്തതോ ഈ ഉത്തരവുകൾക്ക് വിരുദ്ധമോ ആയ യാതൊരുവിധ ഇടപെടലുകളും മലിനീകരണ നടപടികളും കയ്യേറ്റങ്ങളും നടക്കുന്നില്ല എന്നും അവ നിയമാനുസൃത രീതിയിൽ നിലനിൽക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി. മാര പാണ്ഡ്യൻ,**
*പ്രിൻസിപ്പൽ സെക്രട്ടറി.*

സെക്രട്ടറി, കേരള നിയമസഭ (ഉപരിപത്രം സഹിതം)

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും

ബന്ധപ്പെട്ട എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും

ബന്ധപ്പെട്ട എല്ലാ ബോർഡ്/കോർപ്പറേഷൻ ചീഫ് എക്സിക്യൂട്ടീവുകൾക്കും

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല

രജിസ്ട്രാർ, കേരള ഫിഷറീസ് സർവ്വകലാശാല

രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
(ജില്ലാ കളക്ടർ മുഖേന)

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

എല്ലാ തഹശീൽദാർമാർക്കും
(ലാന്റ് റവന്യൂ കമ്മീഷണർ മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും
(സംസ്ഥാന പോലീസ് ചീഫ് മുഖേന)

എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും
(മൈനിംഗ് & ജിയോളജി ഡയറക്ടർ മുഖേന)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (പ്രസ് റിലീസ്/വെബ് & ന്യൂ മീഡിയ) (*ആവശ്യമായ പ്രചാരണം നൽകുന്നതിന്*)

ധനകാര്യ വകുപ്പ്
(29-4-2014-ലെ 34384/വ്യയം-ബി 2/14/ധന പ്രകാരം)

റവന്യൂ വകുപ്പ്
(20-10-2014-ലെ ഡി.ഒ. കത്ത് നമ്പർ 8163/പി 1/14/റവ. പ്രകാരം)

പൊതുഭരണ (എസ്. സി.) വകുപ്പ്
(10-12-2014-ലെ ഇനം നമ്പർ 6104)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## അനുബന്ധം

(ഖണ്ഡിക 6.1. ൽ സൂചിപ്പിക്കുന്നതു പ്രകാരം)

1. കേരള ജലസേചനവും ജലസംരക്ഷണവും നിയമം - 2003
2. കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം - 2001
3. കേരള നെല്പാടങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷണ നിയമം - 2008
4. കേരള പഞ്ചായത്ത് രാജ് നിയമം - 1994
5. കേരള മുനിസിപ്പാലിറ്റി നിയമം - 1994
6. ജല (മലിനീകരണം തടയലും നിയന്ത്രണവും) നിയമം - 1974
7. പരിസ്ഥിതി (സംരക്ഷണ) നിയമം - 1986
8. കേരള ഭൂമി പതിവ് ചട്ടങ്ങൾ
9. തീരദേശ നിയന്ത്രണ വിജ്ഞാപനം - 2001
10. തണ്ണീർത്തട (സംരക്ഷണവും, പരിപാലനവും) ചട്ടങ്ങൾ - 2010
11. ജൈവവൈവിധ്യ നിയമം - 2002
12. കേരള ഉൾനാടൻ മത്സ്യബന്ധനവും അക്വാകൾച്ചറും നിയമം - 2010
13. മേൽ നിയമങ്ങൾ പ്രകാരമുള്ള ചട്ടങ്ങൾ
14. കേരള ഭൂസംരക്ഷണ നിയമം - 1957
15. കേരള പോലീസ് നിയമം